യൂണിറ്റ് 1

# നരവംശശാസ്ത്രത്തിന് ഒരു ആമുഖം

A7R9T6

**ഉള്ളടക്കം**


**I. നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും**
- പദോൽപ്പത്തിയും നിർവചനവും
- ജൈവസാമൂഹികസ്വഭാവം
- താരതമ്യാത്മക-സംയോജിത-സമഗ്ര സ്വഭാവം
- നരവംശശാസ്ത്രം ഒരു ഫീൽഡ്ശാസ്ത്രമെന്ന നിലയിൽ

**II. നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ**
- ജൈവനരവംശശാസ്ത്രം
- സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം
- പുരാവസ്തുനരവംശശാസ്ത്രം
- ഭാഷാനരവംശശാസ്ത്രം

**III. നരവംശശാസ്ത്രത്തിന്റെ പ്രസക്തി**
- തൊഴിൽസാധ്യതകൾ
- പ്രയോഗനരവംശശാസ്ത്രം
- പ്രവർത്തനനരവംശശാസ്ത്രം

**IV. നരവംശശാസ്ത്രവും മറ്റു വിഷയങ്ങളുമായുള്ള ബന്ധം**
- നരവംശശാസ്ത്രവും ജീവശാസ്ത്രങ്ങളും
- നരവംശശാസ്ത്രവും സാമൂഹ്യ ശാസ്ത്രങ്ങളും

**V. നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും**
- മനുഷ്യന്റെ ജിജ്ഞാസയും നരവംശശാസ്ത്രപര്യവേക്ഷണവും
- നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും
- ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചയും വികാസവും


## ആമുഖം

**പ്രിട്ടോറിയയിലേക്കുള്ള വഴിയിൽ**



ചിത്രം 1.1 – മോഹൻദാസ് കരംചന്ദ് ഗാന്ധി

*"നേറ്റാളിന്റെ തലസ്ഥാനമായ മാരിറ്റ്സ്ബർഗിൽ രാത്രി ഒൻപതു മണിയോടുകൂടി തീവണ്ടി എത്തി. കിടക്കകൾ അവിടെവച്ചാണ് നൽകിയിരുന്നത്. ഒരു റെയിൽവേ ജീവനക്കാരൻ വന്ന് എനിക്ക് കിടക്ക വേണോ എന്നു ചോദിച്ചു. വേണ്ട, എന്റെ കൈയിലൊന്നുണ്ട്' എന്ന് ഞാൻ മറുപടി പറഞ്ഞു. അയാൾ പോയി. അപ്പോൾ ഒരു യാത്രക്കാരൻ കടന്നുവന്ന് എന്നെ അടിമുടി നോക്കി. ഞാൻ വെള്ളക്കാരനല്ലെന്ന് അയാൾ കണ്ടു. ഇത് അയാളെ അസ്വസ്ഥനാക്കി. പുറത്തുചെന്ന് ഒന്നുരണ്ടുദ്യോഗസ്ഥൻമാരുമായി അയാൾ വീണ്ടും വന്നു. അവർ നിശ്ശബ്ദത പാലിക്കെ മറ്റൊരു ഉദ്യോഗസ്ഥൻ എന്റെ അടുത്തുവന്ന് പറഞ്ഞു: "വരൂ, നിങ്ങൾ മുന്നിലെ കംപാർട്ട്മെന്റിലേക്കു*

*പോകണം".*

*"പക്ഷേ എനിക്ക് ഒന്നാം ക്ലാസ് ടിക്കറ്റുണ്ടല്ലോ," – ഞാൻ പറഞ്ഞു.*

*"അതിൽ കാര്യമില്ല. നിങ്ങൾ തീർച്ചയായും ഇതിന്റെ മുന്നിലെ കംപാർട്ട്മെന്റിലേക്ക് പോകണമെന്ന് ഞാൻ പറയുന്നു" – അയാൾ പ്രതികരിച്ചു.*

*"ഡർബനിൽ വച്ച് ഈ കംപാർട്ട്മെന്റിൽ യാത്രചെയ്യാൻ എന്നെ അനുവദിച്ചതാണെന്നും ഇതിൽത്തന്നെ എനിക്ക് പോകണമെന്നും ഞാൻ നിങ്ങളോട് പറയുന്നു."*

*"സാധ്യമല്ല. നിങ്ങൾക്കതിൽ പോകാനാവില്ല. നിങ്ങൾ ഈ കംപാർട്ട്മെന്റിൽനിന്ന് പോകണം. അല്ലാത്തപക്ഷം നിങ്ങളെ പുറത്തേക്കെറിയാൻ എനിക്കൊരു പോലീസ് കോൺസ്റ്റബിളിനെ വിളിക്കേണ്ടിവരും" – ആ ഉദ്യോഗസ്ഥൻ പറഞ്ഞു.*

*"ശരി, നിങ്ങൾക്കങ്ങനെ ചെയ്യാം. ഞാൻ സ്വമേധയാ പുറത്തുപോകാൻ വിസമ്മതിക്കുന്നു."*

*പോലീസുകാരൻ വന്നു. അയാൾ കൈക്കുപിടിച്ച് എന്നെ പുറത്തേക്കു തള്ളി. എന്റെ സാധനങ്ങളും പുറത്തേക്കെറിഞ്ഞു. ഞാൻ മറ്റേ കംപാർട്ട്മെന്റിലേക്ക് പോകാൻ വിസമ്മതിച്ചു. തീവണ്ടി പുകതുപ്പിക്കൊണ്ട് പാഞ്ഞു പോയി. ഞാൻ കൈസഞ്ചിയുമായി വെയ്റ്റിങ് റൂമിൽ ചെന്നിരുന്നു. എന്റെ മറ്റു സാധനങ്ങൾ എറിയപ്പെട്ടിടത്തുതന്നെ കിടന്നു. റെയിൽവേ അധികാരികൾ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു.*

*അത് മഞ്ഞുകാലമായിരുന്നു. ദക്ഷിണാഫ്രിക്കയുടെ ഉയർന്ന പ്രദേശങ്ങളിൽ മഞ്ഞുകാലത്ത് അത്യധികമായ തണുപ്പുണ്ടാവും. മാരിറ്റ്സ്ബർഗ് ഒരു ഉയർന്ന പ്രദേശമാകയാൽ തണുപ്പ് അതികഠിനമായിരുന്നു. എന്റെ മേൽക്കുപ്പായം മറ്റു സാധനങ്ങളുടെ കൂടെ ആയിരുന്നു. അതു ചോദിക്കാൻ എനിക്ക് ധൈര്യം വന്നില്ല. ഞാൻ വീണ്ടും അവഹേളിക്കപ്പെട്ടാലോ? അതുകൊണ്ട് ഞാൻ ഇരുന്നു വിറച്ചു. ആ മുറിയിൽ വെളിച്ചമുണ്ടായിരുന്നില്ല. പാതിരാത്രിയോടുകൂടി ഒരു യാത്രക്കാരൻ വന്നു. അയാൾക്ക് പക്ഷേ എന്നോട് സംസാരിക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഞാൻ സംസാരിക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല.*

*എന്റെ കർത്തവ്യത്തെപ്പറ്റി ഞാൻ ആലോചിച്ചുതുടങ്ങി. എന്റെ അവകാശങ്ങൾക്കുവേണ്ടി ഞാൻ പടവെട്ടണമോ, ഇന്ത്യയിലേക്കു മടങ്ങണമോ, അതോ ഈ അപമാനം അവഗണിച്ചുകൊണ്ട് പ്രിട്ടോറിയയിലേക്ക് പോവുകയും കേസ് തീർത്തിട്ട് ഇന്ത്യയിലേക്ക് മടങ്ങുകയും ചെയ്യണോ? എന്റെ കടമ പൂർത്തിയാക്കാതെ ഇന്ത്യയിലേക്ക് മടങ്ങുന്നത് ഭീരുത്വമായിരിക്കും. എനിക്കനുഭവപ്പെട്ട കഷ്ടപ്പാടുകൾ കേവലം ഉപരിപ്ലവമാണ്–വർണവിദ്വേഷം എന്ന ആഴമേറിയ രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ! കഴിയുമെങ്കിൽ ഈ രോഗത്തിന് ഉന്മൂലനാശം വരുത്താനും ആ പ്രക്രിയയിൽ ഉണ്ടാവുന്ന കഷ്ടപ്പാടുകൾ സഹിക്കാനും ഞാൻ ശ്രമിക്കണം. വർണവിദ്വേഷമില്ലാതാക്കാനുള്ള ശ്രമങ്ങളിലൂടെയാവണം എന്നോട് ചെയ്ത തെറ്റുകൾക്ക് പരിഹാരം തേടാൻ ശ്രമിക്കേണ്ടത്.*

*അതുകൊണ്ട് അടുത്തുകിട്ടുന്ന തീവണ്ടിയിൽ പ്രിട്ടോറിയയിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു.*

*(ഗാന്ധിജിയുടെ ആത്മകഥയിൽനിന്ന്)*

മഹാത്മാഗാന്ധിക്ക് ദക്ഷിണാഫ്രിക്കയിൽ നേരിട്ട കൊടിയ വർണവിവേചനത്തെക്കുറിച്ചാണ് മേൽ വിവരിച്ചിരിക്കുന്നത്. ഈ സംഭവത്തിൽ തൊലിയുടെ നിറമെങ്ങനെയാണ് വിവേചനത്തിന് നിദാനമായതെന്നാണ് വ്യക്തമാക്കുന്നത്. അതുപോലെ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിൽക്കുന്ന തൊട്ടുകൂടായ്മ ഏറ്റവും നികൃഷ്ടമായ മറ്റൊരു വിവേചനമാണ്. ഈ രണ്ട് സന്ദർഭങ്ങളിലും വിവേചനത്തിന്റെ അടിസ്ഥാനം മനുഷ്യവിഭാഗങ്ങൾക്കിടയിലെ വൈജാത്യമാണ്.

ഒന്ന് നിറത്തിന്റെ അടിസ്ഥാനത്തിലും മറ്റൊന്ന് ജാതിയുടെ അടിസ്ഥാനത്തിലും. മനുഷ്യരിൽ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ അനേകതരത്തിലുള്ള വൈജാത്യങ്ങൾ ഇപ്രകാരം നില നിൽക്കുന്നുണ്ട്. അതിൽ ചിലത് ആഴത്തിൽ വേരൂന്നിയതാവാം, മറ്റു ചിലത് ശീലത്തിന്റെ ഭാഗമായി രൂപപ്പെട്ടതുമാകാം. വൈജാത്യങ്ങൾ എപ്പോഴും മേൽ സൂചിപ്പിച്ച തരത്തിലുള്ള പെരു മാറ്റപരമായ പ്രതികരണങ്ങൾ ഉണ്ടാക്കിയെന്നു വരില്ല. ഇത്തരം വൈജാത്യങ്ങളാണ് മനുഷ്യസ മൂഹങ്ങളിൽ വൈവിധ്യങ്ങൾ ഉണ്ടാക്കുന്നത്. നമ്മളും നിത്യജീവിതത്തിൽ ഇത്തരത്തിലുള്ള അനേകം വൈജാത്യങ്ങൾ അംഗീകരിക്കാനും സ്വീകരിക്കാനും തയാറാകുന്നില്ല. ലോകമെമ്പാടുമുള്ള മനുഷ്യസംസ്കാരങ്ങളിൽ നമുക്ക് ഇത്തരം വൈവിധ്യങ്ങൾ ദർശിക്കാം.



ചിത്രം.1.2. ഭക്ഷണം, പാർപ്പിടം, വസ്ത്രധാരണം എന്നിവയിലെ വൈവിധ്യങ്ങൾ.

ജീവിതത്തിൽ എപ്പോഴെങ്കിലും നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിട്ടിട്ടുണ്ടോ? അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എങ്ങനെ പ്രതികരിച്ചു?

'നരവംശശാസ്ത്രത്തിന് ഒരു ആമുഖം'എന്ന പുസ്തകത്തിൽ ബീൽസും ഹോയ്ജറും (1971) താഴെ പറയുന്ന തരത്തിലുള്ള സാംസ്കാരികവ്യതിയാനങ്ങളെക്കുറിച്ചുള്ള ഉദാഹരണങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

- ധ്രുവപ്രദേശങ്ങളിലെ എസ്കിമോവർഗക്കാർ മൽസ്യമാംസാദികൾ മാത്രം കഴിച്ചാണ് ജീവിക്കുന്നത്.
- മെക്സിക്കൻ ഇന്ത്യക്കാർ ധാന്യങ്ങളും പച്ചക്കറികളും മാത്രം കഴിച്ചു ജീവിക്കുന്നു. കിഴക്കൻ ആഫ്രിക്കയിലെ ബെയ്ഗാണ്ടാ വിഭാഗക്കാർക്കിടയിൽ പാലും പാലുൽപ്പന്നങ്ങളും ആർഭാടമാണെങ്കിൽ പടിഞ്ഞാറൻ ആഫ്രിക്കക്കാർക്കിടയിൽ അങ്ങനെയല്ല.
- പല അമേരിക്കൻ -ഇന്ത്യൻ ഗോത്രവിഭാഗങ്ങൾക്കിടയിലും മൽസ്യം മുഖ്യാഹാരമാണെങ്കിലും ന്യൂ മെക്സിക്കോയിലെയും അരിസോണയിലെയും 'നവാജോ', 'അപ്പാഷെ' എന്നീ വിഭാഗക്കാർക്കിടയിൽ അത് മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല.
- മെക്സിക്കൻ ഇന്ത്യക്കാർക്കിടയിൽ പട്ടിയിറച്ചി അതീവ രുചികരമായ ഭക്ഷ്യവസ്തുവാണ്. ഭക്ഷ്യവസ്തുക്കളുടെ സങ്കലനത്തിൽ പലതരം വ്യതിയാനങ്ങൾ കാണാം.
- യാഥാസ്ഥിതിക ജൂതമതവിശ്വാസികൾ മാംസവും പാലുൽപ്പന്നങ്ങളും ഒന്നിച്ചു കഴിക്കില്ല. എസ്കിമോ വിഭാഗക്കാർ കടൽജീവികളുടെയും കരജീവികളുടെയും ഭക്ഷണം ഒന്നിച്ചു കഴിക്കില്ല.
- ഭക്ഷണം കഴിക്കുന്ന രീതിയിലും തീൻമേശമര്യാദകളുടെ കാര്യത്തിലും വസ്ത്രധാരണത്തിലും ആഭരണങ്ങൾ അണിയുന്നതിലുമൊക്കെ ഇത്തരം വ്യതിയാനങ്ങൾ കാണാം.
- ആന്തമാനിലെയും ആസ്ത്രേലിയയിലെയും ചില ഗോത്രവിഭാഗക്കാർ അൽപ്പവസ്ത്രധാരികളാണ്.

- എന്നാൽ കിഴക്കൻ ആഫ്രിക്കയിലെ ബെയ്ഗാണ്ട വിഭാഗക്കാർ ആപാദചൂഡം വസ്ത്രം ധരിക്കുന്നവരാണ്.

മനുഷ്യവർഗങ്ങൾക്കിടയിൽ ശാരീരികപ്രത്യേകതയുടെയും ജീവിതരീതിയുടെയും ഭാഷാസമ്പ്രദായങ്ങളുടെയും കാര്യത്തിലുള്ള വൈവിധ്യങ്ങൾ നിലനിൽക്കുന്നു എന്നതാണ് ഇതൊക്കെ തെളിയിക്കുന്നത്. ഈ വൈവിധ്യമാണ് മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സൗന്ദര്യം.



"മനുഷ്യവർഗത്തിന്റെ സത്തയാണ് വൈവിധ്യം. വൈവിധ്യം ജനനത്തിന്റെ ആകസ്മികതയായതിനാൽ അത് വിദ്വേഷത്തിന്റെയോ തർക്കത്തിന്റെയോ കാരണമാവരുത്. വ്യത്യസ്തതയ്ക്കുള്ള ഉത്തരം അതിനെ ബഹുമാനിക്കലാണ്. ഇതിലാണ് വൈവിധ്യത്തെ അംഗീകരിക്കുക എന്ന സമാധാനത്തിന്റെ ഏറ്റവും മൗലികമായ തത്ത്വം കുടികൊള്ളുന്നത്."

**ജോൺ ഹ്യൂം**
**– ഐറിഷ് രാഷ്ട്രതന്ത്രജ്ഞൻ**

ഒരു പാഠ്യവിഷയമെന്ന നിലയിൽ നരവംശശാസ്ത്രം മനുഷ്യവൈവിധ്യത്തെ അനുകൂലിക്കുന്നു. കാരണം, അത് അംഗീകരിക്കപ്പെടേണ്ട യാഥാർഥ്യമാണ്. നരവംശശാസ്ത്രം ഇങ്ങനെ വൈവിധ്യങ്ങളെ ജിജ്ഞാസാപൂർണമായ മനസ്സോടെ അന്വേഷിക്കുന്നു. ജീവശാസ്ത്രപരമായി നാമെല്ലാം ഒരേ ജീവജാതിയാണെങ്കിലും സാംസ്കാരികമായി വൈവിധ്യമുള്ളവരാണെന്നുള്ള ആശയത്തിന് നരവംശശാസ്ത്രം അടിവരയിടുകയാണ്.



*"നമുക്ക് വ്യത്യസ്ത മതം, വ്യത്യസ്ത ഭാഷ, വ്യത്യസ്ത നിറത്തോടുകൂടിയ തൊലി എന്നിവയാവാം. എന്നാൽ നാം ഒരേ മനുഷ്യവർഗമാണ്."*

*– കോഫി അന്നൻ, ഏഴാമത് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ*


ഈ ഭൂമുഖത്തെ ഏറ്റവും വിവേകമതിയായ ജീവജാതി എന്ന നിലയിൽ ഹോമോസാപ്പിയൻസ് – സാപ്പിയൻസിന്റെ ജീവശാസ്ത്രപരവും സാംസ്കാരികവുമായ പ്രത്യേകതകളും വ്യതിയാനങ്ങളും പഠിക്കുകയാണ് നരവംശശാസ്ത്രം ചെയ്യുന്നത്. ജൈവ-സാമൂഹ്യശാസ്ത്രപാഠ്യവിഷയമെന്ന നിലയിൽ സമഗ്രമായ (Holistic) കാഴ്ചപ്പാടിലൂടെ മനുഷ്യപ്രകൃതവും സംസ്കാരവും മനസ്സിലാക്കാൻ നരവംശശാസ്ത്രം സഹായിക്കുന്നു. നരവംശശാസ്ത്രത്തിന്റെ അർഥം, സ്വഭാവം, പ്രത്യേകതകൾ, പ്രസക്തി എന്നിവയോടൊപ്പം ഉദ്ഭവവും വളർച്ചയും നമുക്കു പരിശോധിക്കാം.

ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടിലാണ് **നരവംശശാസ്ത്രം** എന്ന പദം ആദ്യമായി ഉപയോഗിച്ചത്.



## I. നരവംശശാസ്ത്രത്തിന്റെ അർഥവും സ്വഭാവവും (Meaning and Nature of Anthropology)

മുൻ ക്ലാസുകളിൽ നിങ്ങൾ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ജീവശാസ്ത്രത്തിൽ മനുഷ്യന്റെ ഉദ്ഭവം, പരിണാമം, വ്യതിയാനം എന്നിവ പഠിച്ചിട്ടുണ്ട്. സാമൂഹ്യശാസ്ത്രത്തിൽ മനുഷ്യസമൂഹത്തിന്റെ ഭക്ഷണശീലങ്ങൾ, വിശ്വാസസംഹിതകൾ, വസ്ത്രധാരണം, രാഷ്ട്രീയവിശ്വാസങ്ങൾ തുടങ്ങിയ സാംസ്കാരിക പ്രത്യേകതകളും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ മനുഷ്യവർഗത്തെക്കുറിച്ചുള്ള സമഗ്രചിത്രം ലഭിക്കണമെങ്കിൽ ജീവശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ പ്രത്യേകതകളെ സമഗ്രമായി മനസ്സിലാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങൾ അനന്യവും സമഗ്രവുമായ കാഴ്ചപ്പാടിലൂടെയാണ് നരവംശശാസ്ത്രം ഉദ്ഘോഷിക്കുന്നത്. നരവംശശാസ്ത്രത്തിന്റെ അർഥവും നിർവചനവും മനസ്സിലാക്കുന്നതിലൂടെ അനുബന്ധവിഷയങ്ങളിൽനിന്നു നരവംശശാസ്ത്രം എത്രമാത്രം വ്യത്യസ്തത പുലർത്തുന്നുവെന്ന് തിരിച്ചറിയാം.



ചിത്രം. 1.3 അരിസ്റ്റോട്ടിൽ

### നരവംശശാസ്ത്രത്തിന്റെ പദോൽപ്പത്തിയും നിർവചനവും (Etymology and Definition of Anthropology)

വിവിധ ശാസ്ത്രശാഖകളുടെ പദോൽപ്പത്തി സൂചിപ്പിക്കുന്ന പട്ടിക കാണുക. ഇവയൊക്കെ രണ്ടു ഗ്രീക്ക് പദങ്ങളുടെ സംയോഗമാണ്. ഓരോ പദത്തിനും പ്രത്യേക അർഥങ്ങളുണ്ട്. ഉദാഹരണമായി ആന്ത്രോപോളജി എന്ന പദം പദോൽപ്പത്തിശാസ്ത്രപ്രകാരം രണ്ടു പദങ്ങളുടെ സംയോഗമാണ്.'ആന്ത്രോപോസ്' എന്നാൽ മനുഷ്യൻ എന്നും 'ലോഗോസ്' എന്നാൽ പഠനം അഥവാ ശാസ്ത്രം എന്നുമാണ്. ആ അർഥത്തിൽ നരവംശശാസ്ത്രം മനുഷ്യവർഗത്തെക്കുറിച്ചുള്ള പഠനമാണ്.

**വിവിധ ശാസ്ത്രനാമങ്ങളുടെ പദോൽപ്പത്തി**

സൈക്കോളജി -സൈക്കോ+ ലോഗോസ്
സോഷ്യോളജി-സോഷ്യോ+ ലോഗോസ്
ഇക്കോളജി -ഇക്കോ+ ലോഗോസ്
ജിയോളജി – ജിയോ+ ലോഗോസ്

പ്രസിദ്ധരായ നരവംശശാസ്ത്രജ്ഞരുടെ ചില നിർവചനങ്ങൾ പരിശോധിക്കാം.

'നരവംശശാസ്ത്രം എന്നത് മാനവശാസ്ത്രമാണ്' – **എ.എൽ. ക്രോബർ**

'നരവംശശാസ്ത്രം മനുഷ്യനെയും അവന്റെ നിർമിതികളെയും കുറിച്ചുള്ള പഠനമാണ്' **–ഹെർസ്കോവിറ്റ്സ്**

'മനുഷ്യരുടെ വ്യത്യസ്തതലങ്ങൾ പഠിക്കുന്ന വിവിധ ശാസ്ത്രശാഖകളിൽവച്ച് നരവംശശാസ്ത്രം മനുഷ്യനെ ഏറെക്കുറേ സമ്പൂർണമായി പഠിക്കുന്നു' – **ക്ലൈഡ് ക്ലക്കോൺ**


താഴെക്കൊടുത്ത നിർവചനം കൂടി പരിശോധിക്കാം.


'മനുഷ്യൻ ഭൂമുഖത്ത് ആവിർഭവിച്ചതു മുതലുള്ള പെരുമാറ്റരീതികളെക്കുറിച്ചും ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ വികാസത്തെക്കുറിച്ചുമുള്ള പഠനമാണ് നരവംശശാസ്ത്രം'.


**– എം. ജേക്കബ്& ബി.ടി. സ്റ്റേൺ**

നരവംശശാസ്ത്രം മറ്റു പാഠ്യവിഷയങ്ങളിൽനിന്നു പലതുകൊണ്ടും വ്യത്യസ്തമാണ്. താഴെ കൊടുത്തിരിക്കുന്ന പ്രത്യേകതകൾ പരിശോധിച്ചാൽ നരവംശശാസ്ത്രത്തിന്റെ സവിശേഷതകൾ മനസ്സിലാക്കാം.

*മുകളിൽ നൽകിയ നിർവചനങ്ങൾ പരിശോധിച്ച് നരവംശശാസ്ത്രം എങ്ങനെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാകുന്നുവെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.*






## ജൈവ–സാമൂഹികസ്വഭാവം
## (Bio- Social Nature)

നരവംശശാസ്ത്രത്തിന് ഹെർസ്കോവിറ്റ്സ് നൽകിയ നിർവചനത്തിൽ മനുഷ്യനെ ഒരു ജീവിവർഗം എന്ന നിലയ്ക്കും അവന്റെ പ്രവർത്തനങ്ങളെ സംസ്കാരത്തിന്റെ ഭാഗം എന്ന നിലയ്ക്കുമാണ് പരിഗണിക്കുന്നത്. നരവംശശാസ്ത്രം ജീവശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായുമുള്ള പഠനത്തിന് തുല്യ പ്രാധാന്യമാണ് നൽകുന്നത്. മനുഷ്യ ഉൽപ്പത്തി, പരിണാമം, വ്യതിയാനങ്ങൾ എന്നീ ജീവശാസ്ത്രസംബന്ധിയായ കാര്യങ്ങളും സമൂഹം, സംസ്കാരം തുടങ്ങിയ സാമൂഹിക - സാംസ്കാരിക ഘടകങ്ങളും ഒരുപോലെ ഇതു പഠനവിധേയമാക്കുന്നു. ജീവശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ഉപയോഗപ്പെടുത്തുന്നതുകൊണ്ട് നരവംശശാസ്ത്രത്തെ ജൈവ-സാമൂഹിക (Bio- Social) ശാസ്ത്രമായാണ് കണക്കാക്കുന്നത്. ശാസ്ത്രവിഷയങ്ങളിലെ ഏറ്റവും മാനവികവും മാനവികവിഷയങ്ങളിലെ ഏറ്റവും ശാസ്ത്രീയവുമായ വിഷയമാണ് നരവംശശാസ്ത്രം.

***ജീവശാസ്ത്രം:*** *ജീവിവർഗങ്ങളുടെ ജനിതകവും ആന്തരികഘടനാപരവും ശരീരശാസ്ത്രസംബന്ധിയുമായ പഠനം.*

***മനശ്ശാസ്ത്രം:*** *പ്രധാനമായും മനസ്സിന്റെയും പെരുമാറ്റരീതികളുടെയും പഠനം.*

***സാമ്പത്തികശാസ്ത്രം:*** *ഉൽപ്പാദനം, വിതരണം, ഭൗതികവിഭവങ്ങളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച പഠനം.*

***ചരിത്രം:*** *ഭൂതകാലസംഭവങ്ങളുടെ വിവരണം.*

***രാഷ്ട്രതന്ത്രശാസ്ത്രം:*** *മനുഷ്യരുടെ രാഷ്ട്രീയജീവിതത്തെക്കുറിച്ചുള്ള പഠനം.*


## താരതമ്യ – ഉദ്ഗ്രഥിത – സമഗ്രസ്വഭാവം
## (Comparative, Integrative and Holistic Nature)

കളത്തിൽ കൊടുത്തിരിക്കുന്ന വിവിധ പാഠ്യവിഷയങ്ങൾ ശ്രദ്ധിച്ചാൽ ഓരോന്നും മനുഷ്യന്റെ ഓരോ

പ്രത്യേക സ്വഭാവത്തെക്കുറിച്ച് പഠിക്കുന്നതാണെന്ന് മനസ്സിലാക്കാം. എന്നാൽ നരവംശശാസ്ത്രം മനുഷ്യ ജീവിതത്തെ അതിന്റെ സമഗ്രതയിലാണ് കാണുന്നത്. മനുഷ്യനുമായി ബന്ധപ്പെട്ട സമസ്ത കാര്യങ്ങളെയും (Holistic) അത് പഠനവിധേയമാക്കുന്നു.

പലപ്പോഴും ആളുകൾ കരുതുന്നതുപോലെ നരവംശ ശാസ്ത്രജ്ഞർ വ്യാവസായികേതര (Non -Industrial) - പാശ്ചാത്യേതര (Non- Western) സംസ്കാര ങ്ങളെയും ആശയങ്ങളെയും കുറിച്ചു മാത്രമാണ് പഠി ക്കുന്നതെന്നത് തെറ്റിദ്ധാരണയാണ്. മറിച്ച് , എല്ലാ സമൂഹങ്ങളെയും സംസ്കാരങ്ങളെയും- അത് പുരാതനമോ ആധുനികമോ ലളിതസമൂഹങ്ങളോ സങ്കീർണസമൂഹങ്ങളോ ആകട്ടെ- താരതമ്യം ചെയ്തും (Comparative) ഉദ്ഗ്രഥിച്ചും (Integrative) പഠിക്കുന്ന ശാസ്ത്രശാഖയാണ് നരവംശശാസ്ത്രം. മനുഷ്യന്റെ ഭൂതം, ഭാവി, വർത്തമാനം എന്നീ അവസ്ഥകളെയും ജീവശാസ്ത്രപരവും സാമൂഹികശാസ്ത്രപരവും ഭാഷാപരവും സാംസ്കാരികവുമായ സമസ്ത മേഖലകളെയും കുറിച്ച് നരവംശശാസ്ത്രം പഠിക്കുന്നു.

ഇത്തരത്തിൽ സമഗ്രമായി മനുഷ്യരെ മനസ്സിലാക്കണമെങ്കിൽ നിരന്തരമായി ഫീൽഡ് വർക്കിലൂന്നിയുള്ള വംശപഠനാന്വേഷണങ്ങൾ ആവശ്യമായി വരുന്നു. അതുകൊണ്ട് നരവംശശാസ്ത്രം ഒരു ഫീൽഡ്തല പഠനം കൂടിയാണ്.






*പ്രസിദ്ധ നരവംശശാസ്ത്ര ഫീൽഡ് വർക്കർ മാർഗരറ്റ് മീഡിന്റെ ഡയറിക്കുറിപ്പുകളിൽനിന്ന്:*

*മാർച്ച് 8-നു സന്ധ്യക്ക് ഒഫുവിൽ നിന്ന് ഒരു ബോട്ട് വന്നു. പൊള്ളുന്ന വെയിലെങ്കിലും യാത്ര ചെലവേറിയതെങ്കിലും നരവംശശാസ്ത്ര ഗവേഷണ നേട്ടങ്ങൾ ലക്ഷ്യം വച്ച് മാത്രം ഞാൻ യാത്രപുറപ്പെട്ടു. ഒപ്പം ഒൻപതോളം പെൺകുട്ടികളും. അവരെല്ലാം കടൽച്ചൊരുക്കു പിടിപെട്ട് അവശരായിരുന്നു. ഞാൻ മടിയിലെ ബാഗിൽ തല താഴ്ത്തിക്കിടന്നു. തീച്ചൂളയിലാണ് ഇരിക്കുന്നതെങ്കിലും തിരമാലയിളക്കം കാണാൻ ഭംഗിയുണ്ട്. സമോവക്കാർ മന്ത്രങ്ങൾ ജപിക്കുകയും ഒച്ചവയ്ക്കുകയും ചെയ്യുന്നുണ്ട്.*


*മലാഗ എന്നറിയപ്പെടുന്ന വിരുന്നു സംഘങ്ങളുടെ യാത്ര മനോഹരം. എന്റെ രണ്ട് സഹയാത്രികരാണ് എനിക്കുവേണ്ടി സംസാരിക്കുന്ന പ്രമുഖർ. അവരെല്ലാം സംഭാഷണങ്ങൾ നടത്തുകയും സമ്മാനങ്ങൾ വാങ്ങിക്കുകയും കൊടുക്കുകയും ചെയ്യുന്നുണ്ട്. എന്റെ ഭക്ഷണം ഉണ്ടാക്കുന്നുണ്ട്. അവർ സന്തോഷിക്കുന്ന കൂട്ടുകാരായിരുന്നു. വസ്ത്രം കഴുകുമ്പോൾ ഒരാൾ ഏന്തി നൽകുന്നു, മറ്റൊരാൾ യുകുലേലെ (ukulele) യും പിടിച്ചിരിക്കുന്നു. എന്നാൽ ചില്ലറ ബുദ്ധിമുട്ടും നേരിടുന്നുണ്ട്. ഒരിക്കൽ കൊതുകുവലയ്ക്ക് മുകളിൽ, ഉള്ളിൽ കയറിയ 35 കൊതുകുകളെ എനിക്ക് കൊല്ലേണ്ടിവന്നിട്ടുണ്ട്. അവർക്കൊക്കെ തലേന്ന് അത്താഴം കുശാലായിരുന്നു.*

*(മീഡ് 1977: 55:57)*

**നരവംശശാസ്ത്രം: ഒരു ഫീൽഡ് ശാസ്ത്രം (Anthropology a Field Science)**

ഒരു വിനോദസഞ്ചാരി ചുറ്റുപാടുകൾ കാണുന്നതുപോലെയല്ല നരവംശശാസ്ത്രഗവേഷകരുടെ നിരീക്ഷണം. വിനോദസഞ്ചാരിക്ക് കൃത്യമായ ഗവേഷണലക്ഷ്യങ്ങൾ ഉണ്ടാകണമെന്നില്ല. എന്നാൽ നരവംശശാസ്ത്രജ്ഞർ വിശ്വസനീയമായ ദത്തങ്ങൾ വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നു ശേഖരിക്കുന്നതിനാണ് ഒരു പ്രത്യേക പ്രദേശം സന്ദർശിക്കുന്നത്. അതുകൊണ്ടുതന്നെ നരവംശശാസ്ത്രഗവേഷണത്തിൽ ഫീൽഡ് വർക്കിന് പ്രഥമപരിഗണയാണുള്ളത്.

ഫീൽഡ് വർക്ക് നരവംശശാസ്ത്രപഠനങ്ങളുടെയും ഗവേഷണത്തിന്റെയും നട്ടെല്ലാണ്. പങ്കാളിത്ത നിരീക്ഷണമെന്ന രീതിശാസ്ത്രമാണ് നരവംശശാസ്ത്രഗവേഷകർ വിവരശേഖരണത്തിന് ഉപയോഗിക്കുന്നത്. ഭൗതികശാസ്ത്രജ്ഞർക്കും, ജീവശാസ്ത്രജ്ഞർക്കും പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഒരു പരീക്ഷണശാല നിർബന്ധമാണ്. എന്നാൽ നരവംശശാസ്ത്രജ്ഞരുടെ പരീക്ഷണശാല ജനങ്ങളും അവരുടെ സംസ്കാരവും ചേർന്നു രൂപപ്പെടുന്ന ഫീൽഡാണ്. അതുകൊണ്ടാണ് നരവംശശാസ്ത്രം ഒരു ഫീൽഡ്ശാസ്ത്രം എന്ന നിലയ്ക്ക് അറിയപ്പെടുന്നതും ഫീൽഡ് വർക്ക് അതിന്റെ ഹൃദയവും ആത്മാവുമാകുന്നതും. അത്തരം ഇടങ്ങളിൽ ജനങ്ങളിൽ ഒരാളായി നരവംശശാസ്ത്രജ്ഞരുടെ ഭൗതികസാന്നിധ്യവും നിർബന്ധമാണ്. അവർ ജനങ്ങളോടൊപ്പം ജീവിക്കുന്നു. അവരുടെ പ്രാദേശികഭാഷാശൈലികൾ പഠിക്കുന്നു. കൂടാതെ ദൈനംദിനസംഭവങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു. ചില സന്ദർഭങ്ങളിൽ ഇത്തരം കാര്യങ്ങൾക്കായി ഒന്നിലധികം തവണ ഒരു പ്രദേശം സന്ദർശിക്കേണ്ടതായി വരും. ചില സന്ദർഭങ്ങൾ അഥവാ സാഹചര്യങ്ങൾ (ഉദാഹരണം - വിവാഹം, ഉത്സവങ്ങൾ) സംഭവിക്കുന്ന അവസരത്തിനായി കാത്തിരിക്കേണ്ടതായും വരാം. അതായത് ജീവിതരീതികൾ ഒപ്പിയെടുത്ത് രേഖപ്പെടുത്തുന്നു. ഇതോടൊപ്പം ഗവേഷകന് അഭിമുഖം, കേസ് പഠനം, വംശാവലീ പഠനം മുതലായ ദത്തശേഖരണസങ്കേതങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.




**പഠനപുരോഗതി വിലയിരുത്താം**

എ) സൈക്കോ + ലോഗോസ് : സൈക്കോളജി
(മനസ്സ്) + (ശാസ്ത്രം) : മനസ്സിനെക്കുറിച്ചുള്ള പഠനം

ബി) ------- + ------- പഠനം : നരവംശശാസ്ത്രം (ആന്ത്രോപോളജി)
(..........) + (ശാസ്ത്രം) :

2. നരവംശശാസ്ത്രത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

| സവിശേഷതകൾ | സ്വഭാവം |
|---|---|
| നരവംശശാസ്ത്രം മനുഷ്യന്റെ ഉൽപ്പത്തി, പരിണാമം, സ്വഭാവവ്യതിയാനം എന്നിവയെക്കുറിച്ചും സാമൂഹിക - സാംസ്കാരികമേഖലകളെക്കുറിച്ചും പഠിക്കുന്നു. | ശാസ്ത്രം |
| ........................................................................................................................ | സമഗ്രമായ പഠനം |

| | |
|---|---|
| ജനങ്ങളുമായി നേരിട്ടുള്ള ഇടപഴകലിലൂടെയും നിരീക്ഷണങ്ങളിലൂടെയും മറ്റു മാർഗങ്ങളിലൂടെയുമാണ് നരവംശശാസ്ത്രജ്ഞർ ദത്തശേഖരണം നടത്തുന്നത്. | ............... ശാസ്ത്രം |

3. പ്രത്യേകതകളും സ്വഭാവങ്ങളും പരിഗണിച്ചുകൊണ്ട് നരവംശശാസ്ത്രത്തിന് നിങ്ങളുടേതായ ഒരു നിർവചനം നൽകുക.

## II. നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ (Major Branches of Anthropology)

നരവംശശാസ്ത്രത്തിന്റെ അർഥവും പ്രകൃതവും നമ്മൾ പരിശോധിച്ചു കഴിഞ്ഞു. ഇതിൽ നിന്ന് നരവംശശാസ്ത്രം ഒരു സമഗ്രശാസ്ത്രമാണെന്ന് (Holistic) സ്പഷ്ടമാണ്. ഈ സമഗ്ര പ്രകൃതം മനസ്സിലാക്കുന്നതോടൊപ്പം നരവംശശാസ്ത്രത്തിന്റെ പ്രധാന ശാഖകൾ അറിയുന്നതും പ്രാധാന്യമർഹിക്കുന്നു. മനുഷ്യന്റെ ജൈവപരമായ സവിശേഷതകളെക്കുറിച്ച് പരിശോധിക്കുന്ന നരവംശശാസ്ത്രശാഖയാണ് ജൈവനരവംശശാസ്ത്രം. മനുഷ്യജീവിതത്തിലെ സാമൂഹിക സാംസ്കാരിക പ്രത്യേകതകളാണ് സാമൂഹിക സാംസ്കാരികനരവംശശാസ്ത്രം പരിശോധിക്കുന്നത്. ചരിത്രാതീതകാലഘട്ടങ്ങളിലെ മനുഷ്യന്റെ സംസ്കാരത്തെക്കുറിച്ചുള്ള പഠനമാണ് പുരാവസ്തു നരവംശശാസ്ത്രം. മനുഷ്യന്റെ ആശയവിനിമയം, പ്രത്യേകതകൾ, ഭാഷ, പ്രതീകങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ഭാഷാനരവംശശാസ്ത്രം നിലകൊള്ളുന്നത്. അങ്ങനെ നരവംശശാസ്ത്രത്തിന്റെ വ്യാപ്തി താഴെക്കൊടുത്ത നാല് ശാഖകളിൽ അടങ്ങിയിരിക്കുന്നു.

1. ജൈവനരവംശശാസ്ത്രം (Biological Anthropology)
2. സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രം (Social Cultural Anthropology)
3. പുരാവസ്തുനരവംശശാസ്ത്രം (Archaeological Anthropology)
4. ഭാഷാനരവംശശാസ്ത്രം (Linguistic Anthropology)

### 1. ജൈവനരവംശശാസ്ത്രം (Biological Anthropology)

താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നിങ്ങൾക്ക് കഴിയുമോ?

- മനുഷ്യരുടെ തൊലിയുടെ നിറം വ്യത്യസ്തമായിരിക്കുന്നത് എന്തുകൊണ്ട്?
- എന്തുകൊണ്ടാണ് കുട്ടികൾക്ക് അവരുടെ മാതാപിതാക്കളുമായി സാമ്യമുണ്ടാകുന്നത്?
- മനുഷ്യരുടെ പരിണാമം എങ്ങനെയായിരുന്നു?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടുന്നതോടൊപ്പം നമ്മൾ മനുഷ്യപരിണാമം (Human Evolution), വ്യതിയാനം (Variation) എന്നിവയെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യന്റെ ശാരീരിക വ്യത്യാസങ്ങളെക്കുറിച്ചും അവരിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ജൈവനരവംശശാസ്ത്രം അവസരം നൽകുന്നു. മനുഷ്യനെ ജീവിയായിട്ടാണ് ജൈവനരവംശശാസ്ത്രം കരുതുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ ഇത് പഠിക്കുന്നത് മനുഷ്യന്റെ ജൈവപരവും ശാരീരികവുമായുള്ള പ്രത്യേകതകളെ കുറിച്ചാണ്. വ്യത്യസ്ത ഭൂമിശാസ്ത്ര - പാരിസ്ഥിതിക മേഖലകളിൽ ജീവിക്കുന്ന വിവിധ ജനവിഭാഗങ്ങളെങ്ങനെയാണ് പൊരുത്തപ്പെട്ടു ജീവിക്കുന്നത് എന്നും ഇത് പരിശോധിക്കുന്നു. മനുഷ്യന്റെ ഉദ്ഭവവും പരിണാമവും അവരുടെ വൈവിധ്യവും വിശകലനം ചെയ്യുന്നതിന് ജൈവനരവംശശാസ്ത്രം സഹായകമാണ്.

*ജൈവനരവംശശാസ്ത്രത്തെ പോൾ ബ്രോക്ക ഇങ്ങനെ നിർവചിച്ചിരിക്കുന്നു:"മനുഷ്യനെ സമഗ്രമായും പ്രകൃതിയുടെ ഉപദാനമെന്ന നിലയിൽ ബന്ധപ്പെടുത്തിയും പഠിക്കുന്ന ശാസ്ത്രമാണ് ജൈവനരവംശശാസ്ത്രം"*


മനുഷ്യപരിണാമത്തെക്കുറിച്ചറിയുന്നതിന് പ്രൈമേറ്റുകളെക്കുറിച്ച് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ജീവിച്ചിരിക്കുന്നതും വംശനാശം വന്നവയുമായ പ്രൈമേറ്റുകളെക്കുറിച്ചുള്ള പഠനമാണ് പ്രൈമറ്റോളജി. മനുഷ്യൻ, ആൾക്കുരങ്ങുകൾ, കുരങ്ങുകൾ, പ്രൊസിമിയനുകൾ എന്നിവ ഇതിലുൾപ്പെടുന്നു. പ്രൈമേറ്റുകളുടെ ഫോസിലുകൾ വിശകലനം ചെയ്താൽ മനുഷ്യന്റെ വിവിധ പരിണാമഘട്ടങ്ങൾ മനസ്സിലാക്കാം.

### മനുഷ്യഫോസിൽ പഠനം അഥവാ ഫോസിൽ നരവംശശാസ്ത്രം (Human Paleantology or Paleo Anthropology)

വിവിധഘട്ടങ്ങളിലെ മനുഷ്യാസ്ഥികൂടങ്ങളെക്കുറിച്ചുള്ള പഠനമാണ് മനുഷ്യഫോസിൽ പഠനം. മനുഷ്യപരിണാമചരിത്രത്തെ പുനർനിർമിക്കാൻ ഇതുവഴി കഴിയുന്നു. ആധുനിക മനുഷ്യനെയും അവന്റെ പൂർവികരെയും കണ്ണിചേർക്കാനും അവ തമ്മിലുള്ള വ്യത്യാസങ്ങൾ വർഗീകരിക്കാനും ഇത് സഹായിക്കുന്നു.

### മനുഷ്യജനിതകശാസ്ത്രം (Human Genetics)

പരിണാമം എങ്ങനെ സംഭവിക്കുന്നു എന്നു മനസ്സിലാക്കാൻ പാരമ്പര്യത്തെക്കുറിച്ചുള്ള അറിവ് പ്രധാനമാണ്. മനുഷ്യന്റെ പാരമ്പര്യപ്രേഷണത്തെക്കുറിച്ചും വ്യതിയാനത്തെക്കുറിച്ചും പഠിക്കുന്ന ശാസ്ത്രശാഖയാണ് മനുഷ്യജനിതകശാസ്ത്രം.




ചിത്രം. 1.4 ഫോറൻസിക് പരിശോധനയ്ക്കുപയോഗിക്കുന്ന ശരീരഭാഗങ്ങൾ

### കുറ്റാന്വേഷണ നരവംശശാസ്ത്രം (Forensic Anthropology)

ജൈവനരവംശശാസ്ത്രജ്ഞർക്ക് വ്യക്തികൾ, കുറ്റവാളികൾ, പ്രകൃതിദുരന്തങ്ങളിൽ ഇരയാക്കപ്പെടുന്നവർ എന്നിവരെ തിരിച്ചറിയാൻ ശാരീരികവും ജനിതകവുമായ വ്യതിയാനങ്ങൾ സഹായിക്കുന്നു. നരവംശശാസ്ത്രത്തിന്റെ ഈ മേഖലയെ കുറ്റാന്വേഷണ നരവംശശാസ്ത്രം എന്നു വിളിക്കുന്നു. ഫോറൻസിക് നരവംശശാസ്ത്രത്തിലുള്ള അറിവ് കുറ്റവാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും നിയമനിർവഹണത്തിലും സഹായിക്കുന്നു. കൊല്ലപ്പെട്ടവരെയും കാണാതായവരെയും പ്രകൃതിദുരന്തങ്ങളിൽ പെടുന്നവരെയും തിരിച്ചറിയാൻ പോലീസുകാരും മറ്റ് അധികാരികളും ഫോറൻസിക് നരവംശശാസ്ത്രജ്ഞരുടെ സഹായം തേടുന്നു. ഡി.എൻ.എ, വേരോടുകൂടിയ തലമുടി, രക്തം, ശുക്ലം, ശരീരസ്രവങ്ങൾ, തൊലിയുടെ കോശങ്ങൾ, അസ്ഥിമജ്ജ, വിരലടയാളം, അസ്ഥികളുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ വിശകലനം ചെയ്ത് ഫോറൻസിക് നരവംശശാസ്ത്രജ്ഞർ വ്യക്തികളെ തിരിച്ചറിയുന്നു. ചില പ്രത്യേക സങ്കേതങ്ങൾ ഉപയോഗിച്ച് അവർ വ്യക്തികളുടെ വയസ്സും ലിംഗവും ശാരീരികപ്രത്യേകതകളുമെല്ലാം തിരിച്ചറിയുന്നു.



*“മനുഷ്യർ സംസ്കാരങ്ങൾ നിർമിക്കുന്നത് സഹജീവികളുമായി ചേർന്നുള്ള പരസ്പര പ്രവർത്തനങ്ങളിലൂടെയാണ്. അല്ലാതെ ഒറ്റപ്പെട്ടു നിന്നുകൊണ്ടല്ല.”*
*(വോർഫ് 1982 P, IX)*

## 2.സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം (Social Cultural Anthropology)

മനുഷ്യസമൂഹം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള പഠനശാഖയാണ് സാമൂഹ്യ - സാംസ്കാരിക നരവംശശാസ്ത്രം. സാമൂഹിക - സാംസ്കാരികസാമ്യങ്ങളും വ്യത്യാസങ്ങളും വിവരിക്കുകയും വിശകലനം ചെയ്യുകയും അപഗ്രഥിച്ച് വിശദീകരിക്കുകയുമാണ് ഈ ശാഖ ചെയ്യുന്നത്. കുടുംബം, വിവാഹം, ബന്ധുത്വം, മതം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം, നിയമം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ചുള്ള പഠനമാണ് സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രം. നരവംശശാസ്ത്രസങ്കേതങ്ങളുപയോഗിച്ച്, ഫീൽഡുകളിൽ നിന്നു നേരിട്ട് ലഭിക്കുന്ന ദത്തങ്ങൾ അടിസ്ഥാനമാക്കിയാണ് ഇങ്ങനെ പഠിക്കുന്നത്.

“സാമൂഹിക നരവംശശാസ്ത്രം സമൂഹത്തിന്റെ പ്രകൃത്യാലുള്ള ശാസ്ത്രമാണ്” എന്ന് റാഡ്ക്ലിഫ് ബ്രൗൺ നിർവചിക്കുന്നു. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള അനുകൂലനത്തിന് സംസ്കാരം ഒരു സംവിധാനമാണെന്ന് തിരിച്ചറിയാൻ ശ്രമിക്കുകയാണ് സാമൂഹ്യ - സാംസ്കാരികനരവംശശാസ്ത്രം. അതത് കാലത്തു ജനങ്ങളിൽ പ്രതിഫലിക്കുന്ന സംസ്കാരത്തിന്റെ ഉദ്ഭവം, വികാസം, വൈവിധ്യങ്ങൾ, മാറ്റങ്ങൾ എന്നിവകൂടി ഇതിന്റെ പഠനവിഷയങ്ങളാണ്.

സംസ്കാരത്തെക്കുറിച്ച് പൂർണമായ ധാരണ ലഭിക്കുന്നതിനായി സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ വിവിധ ഉപമേഖലകൾ പഠിക്കുന്നത് സഹായകമാണ്. അത്തരം ചില ശാഖകൾ താഴെ കൊടുത്തിരിക്കുന്നു.

**എ. കുടുംബനരവംശശാസ്ത്രം (Familial Anthropology):** വ്യത്യസ്ത സംസ്കാരങ്ങളിലെയും സമൂഹങ്ങളിലെയും കുടുംബങ്ങളുടെ താരതമ്യപഠനമാണിത്. കുടുംബത്തിന്റെ ഉദ്ഭവം, അതിന്റെ വിവിധ തരങ്ങൾ, ധർമങ്ങൾ എന്നിവ ഇതിൽ പഠിക്കുന്നു. വിവാഹം കുടുംബത്തിന്റെ അടിസ്ഥാനമായതുകൊണ്ട് വ്യത്യസ്ത സമൂഹങ്ങളിലെ വിവിധതരം വിവാഹങ്ങൾ, പങ്കാളികളെ തിരഞ്ഞെടുക്കുന്ന രീതികൾ, വിവാഹധന ഇടപാടുകൾ എന്നിവയെയും കുടുംബനരവംശശാസ്ത്രത്തിൽ പഠിക്കുന്നു.

**ബി. സാമ്പത്തികനരവംശശാസ്ത്രം (Economic Anthropology)** : സംസ്കാരത്തിലെ എല്ലാ ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികസംവിധാനത്തിൽ സാമ്പത്തികപ്രവർത്തനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. സാമ്പത്തികമേഖലയിലെ പെട്ടെന്നുള്ള മാറ്റം ചിലപ്പോൾ മറ്റു മേഖലകളിലെ ഘടനയെയും ധർമത്തെയുംകൂടി ബാധിക്കുന്നു. ഭക്ഷ്യശേഖരണം നടത്തുന്ന സാക്ഷരപൂർവസമൂഹങ്ങൾ മുതൽ ആധുനിക വ്യാവസായികസമൂഹങ്ങൾ വരെയുള്ള മനുഷ്യസമൂഹങ്ങളുടെ സാമ്പത്തികസംഘാടനമാണ് ഈ ശാഖയുടെ അന്വേഷണം.

**സി. രാഷ്ട്രീയനരവംശശാസ്ത്രം (Political Anthropology)** : സമൂഹത്തിന്റെ ഭരണനിർവഹണരീതിക്ക് ജനങ്ങളുടെ ജീവിതരീതി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കാണുള്ളത്. വിവിധതരത്തിലുള്ള ഭരണസംവിധാനങ്ങൾ രാഷ്ട്രം, രാഷ്ട്രേതര രാഷ്ട്രീയ സംഘാടനം, നിയന്ത്രണങ്ങൾ, മര്യാദകൾ, ആചാരങ്ങൾ, നിയമങ്ങൾ, ശിക്ഷകൾ, ബഹുമതികൾ എന്നിവയെക്കുറിച്ചു പഠിക്കുന്ന സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രശാഖ രാഷ്ട്രീയ നരവംശശാസ്ത്രം എന്ന് അറിയപ്പെടുന്നു.

**ഡി. മതനരവംശശാസ്ത്രം (Anthropology of Religion) :** പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും സമ്പ്രദായങ്ങളും ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പ്രകൃത്യതീതശക്തികളുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ, ആചാരങ്ങൾ, ചടങ്ങുകൾ എന്നിവയെക്കുറിച്ചു പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് മതനരവംശശാസ്ത്രം.

**ഇ. പാരിസ്ഥിതികനരവംശശാസ്ത്രം (Ecological Anthropology):** മനുഷ്യൻ, പരിസ്ഥിതി, സംസ്കാരം എന്നിവ തമ്മിലുള്ള പരസ്പരബന്ധം സൂചിപ്പിക്കുന്ന പഠനമാണ് പരിസ്ഥിതിനരവംശശാസ്ത്രം. ജനങ്ങളുടെ സംസ്കാരം നിർണയിക്കുന്നതിൽ പരിസ്ഥിതി പ്രധാന പങ്കുവഹിക്കുന്നു. സംസ്കാരം, പരിസ്ഥിതി എന്നിവയോട് തദ്ദേശീയരുടെ മനോഭാവവും സമീപനവും പരിസ്ഥിതിനരവംശശാസ്ത്രത്തിന്റെ പഠനമേഖലയാണ്.

**എഫ്. വൈദ്യനരവംശശാസ്ത്രം (Medical Anthropology):** ആരോഗ്യം, രോഗം എന്നിവയെ ശരീരശാസ്ത്രപരമായും സാംസ്കാരികമായും മനസ്സിലാക്കുന്ന ശാസ്ത്രശാഖയാണ് വൈദ്യനരവംശശാസ്ത്രം. അതുകൊണ്ട് ആരോഗ്യം, രോഗം എന്നിവയുമായി പ്രാദേശികവിശ്വാസം, ചികിൽസ, പ്രതിരോധമാർഗങ്ങൾ എന്നിവയ്ക്കുള്ള ബന്ധമാണ് വൈദ്യനരവംശശാസ്ത്രത്തിൽ പഠിക്കുന്നത്.

**ജി. വികസനനരവംശശാസ്ത്രം (Developmental Anthropology) :** മനുഷ്യസമൂഹത്തിന്റെ മെച്ചപ്പെട്ട ജീവിതം ലക്ഷ്യംവച്ച് ക്ഷേമം, വികസനം, പുരോഗതി എന്നീ വിഷയങ്ങൾ സാംസ്കാരികപശ്ചാത്തലത്തിൽ പഠിക്കുന്ന സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രശാഖയാണ് വികസനനരവംശശാസ്ത്രം. ദാരിദ്ര്യം, അസമത്വം, മനുഷ്യക്ഷേമം, സാമൂഹികനീതി, മനുഷ്യപുരോഗതി, പരിസ്ഥിതിയുടെ നിലനിൽപ്പ് എന്നിവയ്ക്കാണ് ഈ മേഖലയിൽ ഊന്നൽ നൽകുന്നത്.

### 3. പുരാവസ്തുനരവംശശാസ്ത്രം (Archaeological Anthropology)

പഴയകാല സംസ്കാരത്തെയും അവയ്ക്ക് പരിസ്ഥിതിയുമായുള്ള ബന്ധത്തെയും കുറിച്ച് പ്രതിപാദിക്കുന്ന നരവംശശാസ്ത്രശാഖയാണ് പുരാവസ്തുനരവംശശാസ്ത്രം. മനുഷ്യസംസ്കാരത്തിന്റെ ഉദ്ഭവം, വികാസം എന്നിവ പരിശോധിക്കുകയാണ് ഇത് ചെയ്യുന്നത്. പുരാവസ്തുശാസ്ത്രം എന്ന വിശാലമായ മേഖലയിൽനിന്നാണ് ഇത് ഉരുത്തിരിഞ്ഞുവന്നത്. പുരാതനം എന്ന അർഥംവരുന്ന 'ആർക്കിയോസ്' (Archaios), പഠനം എന്ന അർഥമുള്ള 'ലോഗോസ്' (Logos) എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് ആർക്കിയോളജി എന്ന പദം രൂപംകൊണ്ടത്. അതുകൊണ്ട് ഭൂതകാലത്തെ മനുഷ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനമാണ് പുരാവസ്തുശാസ്ത്രം. യു.എസ്.എയിൽ ഇത് നരവംശശാസ്ത്രത്തിന്റെ ശാഖയായി കരുതുന്നു. എന്നാൽ യൂറോപ്പിൽ ഇത് ഒരു സ്വതന്ത്രവിഷയമാണ്. ചരിത്രാതീതകാലസംസ്കാരത്തിൽ എഴുത്തുവിദ്യ ഉപയോഗിച്ചിരുന്നില്ല. മനുഷ്യചരിത്രത്തിന്റെ തൊണ്ണൂറ്റി ഒൻപതു ശതമാനവും ചരിത്രാതീതകാലമാണ്. ഇത് പുരാവസ്തുനരവംശശാസ്ത്രപഠനത്തിന്റെ അടിസ്ഥാനവുമാണ്.

സസ്യങ്ങളുടെയും ജന്തുക്കളുടെയും മനുഷ്യരുടെയും അവശിഷ്ടങ്ങൾ, അവർ ഉപേക്ഷിച്ച ഉപകരണങ്ങൾ, മൺപാത്രങ്ങൾ, മറ്റു ഭൗതിക അവശിഷ്ടങ്ങൾ എന്നിവ പുരാവസ്തുശാസ്ത്രജ്ഞർ പരിശോധിക്കുന്നു. മനുഷ്യരുടെ അസ്ഥിപഞ്ജരാവശിഷ്ടങ്ങൾ, ഭൗതികശേഷിപ്പുകൾ എന്നിവയിൽനിന്ന് മനുഷ്യഭൂതകാലം പുനർനിർമിക്കുന്നതിന് പുരാവസ്തു നരവംശശാസ്ത്രം സഹായിക്കുന്നു. പഴയകാലത്തെ എഴുതപ്പെട്ട ശേഷിപ്പുകളാണ് ചരിത്രകാരർ ചരിത്രപുനർനിർമാണത്തിന് ആശ്രയിക്കുന്നത്. എന്നാൽ എഴുത്തുവിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പുള്ള കാലത്തെ ചരിത്രാതീതകാലമെന്നു കരുതുന്നു. ഈ കാലഘട്ടത്തിലെ ഭൗതിക അവശിഷ്ടങ്ങളിലും രേഖകളിലും പുരാവസ്തുനരവംശശാസ്ത്രജ്ഞർ അതീവ തൽപ്പരരാണ്. ഉദ്ഖനനം വഴിയാണ് സംസ്കാര-ജൈവ അവശിഷ്ടങ്ങൾ പുരാവസ്തു നരവംശശാസ്ത്രജ്ഞർ കണ്ടെത്തുന്നത്. അവയുടെ കാലപ്പഴക്കം

*നരവംശശാസ്ത്രത്തിന്റെ ജൈവ-സാമൂഹിക പ്രകൃതം കാണിക്കുന്ന ചാർട്ട്/കൊളാഷ് തയാറാക്കുക.*



നിർണയിക്കുന്നതിന് അവർ വിവിധ കേവല കാലഗണനാരീതികളും (Absolute Dating Methods) ആപേക്ഷികകാലഗണനാരീതികളും (Relative Dating Methods) സ്വീകരിക്കുന്നു.

**4. ഭാഷാനരവംശശാസ്ത്രം (Linguistic Anthropology)**

മനുഷ്യരുടെ ഏറ്റവും സവിശേഷമായ പ്രത്യേകതയാണ് സംസാരിക്കാനുള്ള കഴിവ്. പ്രതീകങ്ങളിലൂടെ ആശയവിനിമയം നടത്തുന്നത് മനുഷ്യൻ മാത്രമല്ല, മറ്റു ജന്തുക്കളും ശബ്ദവും ആംഗ്യവുമുപയോഗിച്ച് ആശയവിനിമയം നടത്തുന്നുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രത്യേകിച്ചും ആൾക്കുരങ്ങുകളുടെ ശബ്ദത്തിലൂടെയുള്ള ആശയവിനിമയം മനുഷ്യസംസാരവുമായി സാമ്യം പുലർത്തുന്നു. എന്നാൽ മനുഷ്യനുള്ള സങ്കീർണമായ ആശയവിനിമയരീതി മറ്റു ജന്തുക്കളിൽ കാണുന്നില്ല. മനുഷ്യഭാഷകളെ കുറിച്ച് പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് ഭാഷാനരവംശശാസ്ത്രം.

ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം കൈമാറ്റം ചെയ്യുന്നതിനും സംസ്കാരം സംരക്ഷിക്കുന്നതിനും ഭാഷ സഹായിക്കുന്നു. ഭാഷാനരവംശശാസ്ത്രജ്ഞർ ഒരു ഭാഷയെ അതിന്റെ പശ്ചാത്തലത്തിൽ പഠിക്കുമ്പോൾ തദ്ദേശീയർ സ്വയവും അവരുടെ ചുറ്റുപാടുകളെയും എങ്ങനെ ദർശിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. മനുഷ്യാവസ്ഥ മനസ്സിലാക്കുന്നതിൽ നിർണായകമായ സംഭാവന ഭാഷാനരവംശശാസ്ത്രജ്ഞർ നൽകിയിട്ടുണ്ട്. ഭാഷകൾ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്താൻ ഭാഷാനരവംശശാസ്ത്രജ്ഞർ ശ്രമിക്കുന്നു. ഭാഷയുടെ ഉദ്ഭവം, പ്രകൃതം, അർഥം, ഭാഷാപുരോഗതി, സംസ്കാരവുമായി അതിനുള്ള ബന്ധം, സംസാരരീതികൾ, ആംഗ്യരീതി, വ്യത്യസ്ത സംസ്കാരങ്ങളിലെ ആശയവിനിമയരീതി, പെരുമാറ്റം എന്നിവ ഭാഷാ നരവംശശാസ്ത്രജ്ഞർ പഠിക്കുന്നു. ഭാഷാനരവംശശാസ്ത്രത്തിൽ ഭാഷാഘടനാശാസ്ത്രം, സമൂഹഭാഷാശാസ്ത്രം, ഭാഷാചരിത്രശാസ്ത്രം എന്നിവ ഉൾപ്പെടുന്നു.



***അമേരിക്കയിലെ കറുത്തവംശജർ***

*ആഫ്രിക്കയിൽനിന്ന് അമേരിക്കയിലേക്ക് എത്തപ്പെട്ട കറുത്ത വംശജർ പൂർണമായും പുതിയ ഭാഷ സ്വീകരിച്ചു. തങ്ങളുടെ മുൻഗാമികളിൽനിന്നു വ്യത്യസ്തമായി ഇന്ന് 16 ദശലക്ഷം കറുത്തവംശജർ ഇംഗ്ലീഷ് സംസാരിക്കുന്നുണ്ട്. ഇത് കാണിക്കുന്നത് ഭാഷ ഒരിക്കലും ഭൂപ്രകൃതിയുടെയോ കാലാവസ്ഥയുടെയോ ഉൽപ്പന്നമല്ല, അത് തികച്ചും സാമൂഹികമാണ് എന്നാണ്.*

ഭാഷയിലെ സാമ്യവും വ്യത്യാസവും അടിസ്ഥാനമാക്കി 19-ാം നൂറ്റാണ്ടിൽ ഭാഷാശാസ്ത്രജ്ഞർ ഭാഷയെ ഭാഷാകുടുംബം, ഉപഭാഷാകുടുംബം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇന്നത്തെ ലിംഗ്വിസ്റ്റിക്സ് അക്കാലത്ത് ഫിലോളജി എന്നാണ് അറിയപ്പെട്ടിരുന്നത്.

| | |
|---|---|
| ഘടനാത്മകഭാഷാശാസ്ത്രം | ഭാഷയുടെ വ്യാകരണരീതികൾ |
| സമൂഹഭാഷാശാസ്ത്രം പെരുമാറ്റം | സംസ്കാരത്തിലെ സാമൂഹിക |
| ചരിത്രാത്മകഭാഷാശാസ്ത്രം വർഗീകരണം | ഭാഷയുടെ ഉദ്ഭവം, താരതമ്യം, |

## III. നരവംശശാസ്ത്രത്തിന്റെ പ്രസക്തി (Relevance of Anthropology)

മുൻപ് സൂചിപ്പിച്ചപോലെ നരവംശശാസ്ത്രം മനുഷ്യജീവിതത്തിന്റെ സർവമേഖലകളെയും കുറിച്ച് പഠിക്കുന്നു. മാത്രമല്ല, നരവംശശാസ്ത്രത്തിലെ അറിവുകൾ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രയോഗിക്കാവുന്നതാണ്. അത് എല്ലാ കാലത്തെയും എല്ലാ പ്രദേശത്തെയും എല്ലാ വർഗങ്ങളിലുള്ളതുമായ മനുഷ്യരെ കുറിച്ച് പഠിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ഒറ്റപ്പെട്ടുനിൽക്കുന്നതും ലളിതവുമായ സമൂഹങ്ങളെക്കുറിച്ചാണ് നരവംശശാസ്ത്രജ്ഞർ കൂടുതലും പഠിക്കുന്നത്. അത്തരം സമൂഹങ്ങൾക്ക് പലരും അർഹിക്കുന്ന പരിഗണന നൽകാറില്ലല്ലോ. നരവംശശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ വിശദമായി പഠിക്കാം.



സ്വതന്ത്ര വിദ്യാഭ്യാസത്തിന്റെ ബൃഹത്തായ ആവശ്യങ്ങൾക്ക് നരവംശശാസ്ത്രം അനുയോജ്യമാണ്. മനുഷ്യന്റെ എല്ലാ അറിവുകളെയും വിഭജിക്കുന്നതിന് പകരം യോജിപ്പിക്കാനാണ് ഇത് ശ്രമിക്കുന്നത്. ഇത് വിദൂര മനുഷ്യചരിത്രത്തിന്റെ ധാരണകളെ ഇന്നത്തെ ജീവികളുമായി ബന്ധിപ്പിക്കാനായി പഠിപ്പിക്കാവുന്നതാണ്.

**– മാർഗരറ്റ് മീഡ് – 1957**

നരവംശശാസ്ത്രപഠനം വിദ്യാർഥികൾക്ക് സമഗ്ര സമീപനം സാധ്യമാക്കുന്നു. പ്രകൃതിശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും സഹായത്താൽ ആഗോളതലത്തിലുള്ളതും ദശലക്ഷക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതുമായ വസ്തുക്കളെ അത് പഠനവിധേയമാക്കുന്നു. അത്തരത്തിലുള്ള പഠനം വിദ്യാർഥികളുടെ ബുദ്ധിപരവും വ്യക്തിപരവും തൊഴിൽപരവുമായ വികാസം സാധ്യമാക്കുന്നു. അന്യസമൂഹങ്ങളെയും സംസ്കാരങ്ങളെയും പഠിക്കുന്നതിനാൽ വിദ്യാർഥികളിൽ സാമൂഹികവിമർശനചിന്താശേഷിയും വർധിപ്പിക്കുന്നു. ഒരേയൊരു മനുഷ്യകുടുംബത്തിന്റെ ഭാഗമായി നമ്മെത്തന്നെ കാണാൻ അത് സഹായിക്കുന്നു.

മനുഷ്യത്വത്തിന്റെ അടിസ്ഥാനമായ സാംസ്കാരികവും ജീവശാസ്ത്രപരവും പാരിസ്ഥിതികവും ചരിത്രപരവുമായ കാര്യങ്ങളെ മനസ്സിലാക്കുന്നതിൽ നരവംശശാസ്ത്രവിദ്യാർഥി കൂടുതൽ താൽപ്പര്യം കാണിക്കുന്നു. ഇത് സ്വസംസ്കാരകേന്ദ്രിത (Ethnocentrism) ഇല്ലാതാക്കുന്നതിനും മറ്റു ജീവിതരീതികളെ കൂടുതൽ സ്വീകാര്യമാക്കുന്നതിനും സഹായിക്കുന്നു. വിശ്വമാനവൻ എന്ന കാഴ്ചപ്പാടിലേക്ക് ഇത് നയിക്കുന്നു.

വിവിധ തൊഴിൽമേഖലകളിലെ വിജയത്തിനാവശ്യമായ ആശയവിനിമയം, പ്രശ്നപരിഹാരശേഷി, ഗവേഷണം, വിമർശനാത്മകചിന്ത എന്നിവയിൽ നരവംശശാസ്ത്രവിദ്യാർഥികൾ പരിശീലനം സിദ്ധിച്ചവരാണ്. തൊഴിൽമേഖലകളിലെ മാറിവരുന്ന പ്രവണതകളെ അതിജീവിക്കാൻ ഇത്തരം ശേഷികൾ സഹായിക്കുന്നു. നരവംശശാസ്ത്രം ലോകത്തെയും മറ്റു സംസ്കാരങ്ങളെയും കൂടു

തൽ അറിയാനും അടഞ്ഞ വ്യവസ്ഥകൾക്ക് അപ്പുറം ചിന്തിക്കാനും സഹായിക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വളരാനും അത് പ്രേരിപ്പിക്കുന്നു. നിരവധി സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ നമ്മെ പ്രാപ്തരാക്കുന്നതിനാൽ അനവധി തൊഴിൽ സാഹചര്യങ്ങളും നരവംശശാസ്ത്രപഠനം പ്രദാനം ചെയ്യുന്നു.

## നരവംശശാസ്ത്രത്തിലെ തൊഴിൽസാധ്യതകൾ

## (Career Opportunities in Anthropology)

ഒരാൾ എൻജിനീയറോ ഭരണാധികാരിയോ കവിയോ ആകുന്നതിനു മുൻപ് അയാളുടെ കാഴ്ചപ്പാടും സമീപനരീതിയും സമഗ്രമായിരിക്കണം (Holistic). അത്തരം വ്യക്തികൾക്കു മുന്നിൽ ഒരു വഴിയും അടഞ്ഞുകിടക്കുന്നതോ അന്യമോ അല്ല. ഇത്തരം ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ നരവംശശാസ്ത്രം വളരെയേറെ സഹായിക്കുന്നു. നമുക്കറിയുന്നതുപോലെ അത് എല്ലാ വിഷയങ്ങൾ ഉൾക്കൊള്ളുന്നതും സാംസ്കാരികാപേക്ഷികമായ (Cultural Relativistic) കാഴ്ചപ്പാടോടുകൂടിയുള്ളതുമാണ്. നരവംശശാസ്ത്രമേഖലയിൽ തുറന്നതും വിശാലവുമായ തൊഴിൽസാധ്യതയുണ്ട്.

- ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ(ASI)യിലും ട്രൈബൽ വെൽഫേർ സ്ഥാപനങ്ങളിലും പഠനവും ഗവേഷണവും.
- ഗവൺമെന്റ് – ഗവൺമെന്റിതരസ്ഥാപനങ്ങളിലും ലോകസംഘടനകളായ യുനെസ്കോ, യൂണിസെഫ്, ഡബ്ല്യൂ.എച്ച്.ഒ, ലോകബാങ്ക്, അന്താരാഷ്ട്ര തൊഴിൽസംഘടന തുടങ്ങിയവയിലുള്ള കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ടുകൾ.

പ്രഫഷണൽ നരവംശശാസ്ത്രജ്ഞരുടെയും പണ്ഡിതരുടെയും ലോകത്തിലെ തന്നെ ഏറ്റവും വലിയ നരവംശശാസ്ത്രസംഘടനയാണ് ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ. ഇന്ത്യയിലെ വ്യത്യസ്തസമൂഹങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി പ്രവർത്തിക്കുന്ന ഗവൺമെന്റിതരസംഘടനകളിൽ (NGOs) ധാരാളം നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. പട്ടികജാതി – പട്ടികവർഗ കമ്മീഷണർ ഓഫീസുകൾ, ഇന്ത്യ ഗവൺമെന്റിന്റെയും സംസ്ഥാനഗവൺമെന്റുകളുടെയും സാമൂഹ്യക്ഷേമവകുപ്പുകൾ, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ ഓഫീസ്, സംസ്ഥാനങ്ങളിലെ ഗസറ്റിയർ ഡിവിഷനുകൾ, ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദി ആർട്സ്, പട്ടികവർഗമന്ത്രാലയം എന്നിവയിൽ നരവംശശാസ്ത്രജ്ഞരെ നിയമിച്ചുവരുന്നുണ്ട്. രാജ്യത്തെ പ്രധാന മ്യൂസിയങ്ങളിൽ നരവംശശാസ്ത്രജ്ഞർ ജോലിചെയ്യുന്നു. ഭോപ്പാലിലെ ഇന്ദിരാഗാന്ധി രാഷ്ട്രീയ മാനവ് സംഗ്രഹാലയിൽ (IGRMS) നരവംശശാസ്ത്രവിദ്യാർഥികൾക്ക് തൊഴിലവസരങ്ങളുണ്ട്. ഇത് അന്താരാഷ്ട്രതലത്തിൽ നാഷണൽ മ്യൂസിയം ഓഫ് മാൻകൈൻഡ് എന്നറിയപ്പെടുന്നു. ഡൽഹിയിലെ നാഷണൽ മ്യൂസിയം, കൊൽക്കത്തയിലെ ഇന്ത്യൻ മ്യൂസിയം എന്നിവിടങ്ങളിൽ നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നു. ചെന്നൈയിലെ ഗവൺമെന്റ് മ്യൂസിയം, മുംബൈയിലെ പ്രിൻസ് ഓഫ് വെയിൽസ് മ്യൂസിയം, അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠ് മ്യൂസിയം എന്നിവയിലും നരവംശശാസ്ത്രജ്ഞരെ നിയമിക്കുന്നുണ്ട്. ഹരിദ്വാറിനടുത്തുള്ള ഗുരുകുൽ കാംഗ്രി വിശ്വവിദ്യാലയ മ്യൂസിയത്തിൽ നരവംശശാസ്ത്രവിഭാഗമുണ്ട്. വിവിധതരത്തിലുള്ള ക്രിമിനൽ കുറ്റങ്ങൾ തെളിയിക്കുന്നതിനായി സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനിൽ ഫോറൻസിക് ആന്ത്രോപോളജിസ്റ്റുകളെ നിയമിക്കുന്നു.

ഇന്ത്യൻ സയൻസ് കോൺഗ്രസ് അസോസിയേഷൻ, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി, കൗൺസിൽ ഓഫ് സയൻസ് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങളുടെ ഭാഗമായും നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊൽക്കത്തയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലും നരവംശശാസ്ത്രജ്ഞർക്ക് അവസരങ്ങളുണ്ട്. കോഴിക്കോട്ടു പ്രവർത്തിക്കുന്ന കേരള പട്ടികജാതി - പട്ടികവർഗ ഗവേഷണ പരിശീലന വികസന പഠനകേന്ദ്രം (കിർത്താഡ്സ്), തൃശൂർ ആസ്ഥാനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നീ സ്ഥാപനങ്ങളും വിവിധങ്ങളായ പദവികളിൽ നരവംശശാസ്ത്രജ്ഞർക്ക് ധാരാളം അവസരങ്ങൾ നൽകുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇരുപതിലധികം സ്ഥാപനങ്ങളുള്ള ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചിൽ ധാരാളം നരവംശശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നുണ്ട്.




*"തൊഴിൽ എന്നതിനെക്കാളുപരി നരവംശശാസ്ത്രം ഒരു ജീവിതരീതിയാണ്. ഞാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഞാനൊരു നരവംശശാസ്ത്രജ്ഞനാണ്"- ഷോർലോട്ടി നീലി, നരവംശശാസ്ത്ര പ്രഫസർ*

സൗകര്യങ്ങളുടെ പോരായ്മയും വളർച്ചനിരക്കിലെ കുറവുമുണ്ടെങ്കിലും പരിശീലനം ലഭിച്ച നരവംശശാസ്ത്രജ്ഞരുടെ എണ്ണത്തിൽ അമേരിക്കൻ ഐക്യനാടുകൾക്കു ശേഷം ഇന്ത്യ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. അക്കാദമികതലത്തിലും പ്രായോഗികതലത്തിലും സമകാലീന പ്രശ്നപരിഹാരങ്ങൾക്കായി ഇവർ പ്രവർത്തിക്കുന്നു. അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ നയരൂപീകരണമേഖലകളിലും നരവംശശാസ്ത്രജ്ഞരുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. സമകാലീനസമൂഹത്തിൽ നരവംശശാസ്ത്രജ്ഞർ താൽപ്പര്യത്തോടെ ഇടപെടുന്ന മേഖലകളാണ് പാരിസ്ഥിതികമാറ്റങ്ങൾ, പാരിസ്ഥിതിക സുസ്ഥിരത, ആഗോളതാപനം, ഭൂജലവിഭവം, ജൈവവൈവിധ്യം, ആരോഗ്യവും പോഷകാഹാരവും, പകർച്ചവ്യാധികൾ, ആരോഗ്യസുരക്ഷാനയങ്ങൾ, വിഭവശോഷണവും ഭക്ഷ്യക്ഷാമവും, ആധുനികവൈദ്യശാസ്ത്രം, ഇതര ചികിത്സാസമ്പ്രദായങ്ങൾ, ആഗോളവൽക്കരണം, ആഗോള സാമ്പത്തികരംഗം, കുടിയേറ്റം, പരമാധികാരം, സുസ്ഥിരവികസനം തുടങ്ങിയവ.

ഇന്ത്യയിൽ നാൽപ്പതിലധികം സർവകലാശാലകളിൽ നരവംശശാസ്ത്രവിഭാഗങ്ങൾ പ്രവർത്തിക്കുന്നു. കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ഹയർ സെക്കന്ററി തലത്തിലും നരവംശശാസ്ത്രം പാഠ്യവിഷയമായുണ്ട്.



നരവംശശാസ്ത്രത്തിലെ തൊഴിൽസാധ്യതകൾ കാണിക്കുന്ന ചാർട്ട്/കുറിപ്പ്/ലഘുലേഖ തയാറാക്കുക.



നരവംശശാസ്ത്രത്തിലെ അറിവുകളും കാഴ്ചപ്പാടുകളും നമ്മൾ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കണം.

## പ്രയുക്തനരവംശശാസ്ത്രം (Applied Anthropology)

പ്രയുക്തനരവംശശാസ്ത്രം എന്ന വാക്ക് 1875-ൽത്തന്നെ ഡി.ജി. ബ്രിൺടൻ തന്റെ പ്രസംഗങ്ങളിൽ ഉപയോഗിച്ചിരുന്നു. എന്നാൽ അത് വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങുന്നത് 1920 കളിലും 1930കളിലുമാണ്. ലളിതമായ അർഥത്തിൽ നരവംശശാസ്ത്രത്തിലെ അറിവുകളും കണ്ടുപിടിത്തങ്ങളും പ്രായോഗികമായി ഉപയോഗിക്കുന്നതിനെയാണ് പ്രയുക്തനരവംശശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ ഫലപ്രദമായ ഭരണരീതിക്കുവേണ്ടി അത്തരം പഠനങ്ങളുടെ പ്രാധാന്യം 1807 ഓടുകൂടി ബോധ്യപ്പെട്ടിട്ടുണ്ട്. രാജ്യത്തിന്റെ ഭാവിഭരണസംവിധാനത്തിനായി അത്തരം അറിവുകൾ വളരെ പ്രയോജനം ചെയ്യുമെന്ന് ബ്രിട്ടിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തന്നെ തീരുമാനിച്ചിട്ടുണ്ടായിരുന്നു (റോയ് 1921). ഇതുപ്രകാരം ഫ്രാൻസിസ് ബുക്കാനനെ വംശീയപര്യവേക്ഷണം നടത്താനായി നിയോഗിച്ചു.

നരവംശശാസ്ത്രത്തിലെ അറിവുകൾ, ദത്തങ്ങൾ, കാഴ്ചപ്പാടുകൾ, സിദ്ധാന്തങ്ങൾ, രീതികൾ എന്നിവയെ സമകാലീനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും പ്രയോഗിക്കുന്നതാണ് പ്രയുക്തനരവംശശാസ്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നത്.

*മനുഷ്യരുടെ സമകാലീനപ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും നരവംശശാസ്ത്രപരമായ കാഴ്ചപ്പാടുകൾ പ്രയോഗിക്കുന്നതാണ് പ്രയുക്തനരവംശശാസ്ത്രം. വനനശീകരണം അത്തരത്തിലുള്ള ഒരു പ്രശ്നമാണ്.*

നരവംശശാസ്ത്രത്തിലെ നാല് ഉപശാഖകളുടെ പ്രയോഗസാധ്യതകൾ പരിശോധിക്കാം.

ജൈവനരവംശശാസ്ത്രത്തിലെ അറിവുകളെ നാം വസ്ത്രങ്ങൾ, പാദരക്ഷകൾ, ഫർണിച്ചറുകൾ, യന്ത്രസാമഗ്രികൾ, കൃത്രിമ അവയവങ്ങൾ തുടങ്ങിയവ രൂപകൽപ്പന ചെയ്യുന്നതിന് ഉപയോഗിക്കുന്നു. ആന്ത്രോപോമെട്രിയിലെ അറിവുകൾ ഇതിന് സഹായകമാണ്. ഓസ്റ്റിയോളജി (അസ്ഥിപഠനം), സിറോളജി (രക്തഗണപഠനം), ജനറ്റിക്സ് (ജനിതകശാസ്ത്രം), എന്നിവയിലെ അറിവുകൾ വൈദ്യചികിത്സാരംഗത്ത് ഉപയോഗിക്കുന്നുണ്ട്. രോഗഗവേഷണം, ഭക്ഷണക്രമവും പോഷകാഹാരവും, ആരോഗ്യാസൂത്രണം, പുനർനിർമാണശസ്ത്രക്രിയ, ജനിതകകൗൺസലിങ്

എന്നീ മേഖലകളിലും അത്തരം അറിവുകൾ പ്രയോഗിക്കുന്നു. ജൈവനരവംശശാസ്ത്രത്തിന്റെ ഭാഗമായ ഫോറൻസിക് ടെസ്റ്റുകൾ കുറ്റകൃത്യങ്ങളും കുറ്റവാളികളെയും കണ്ടെത്തുന്നതിന് വ്യാപകമായി ഉപയോഗിക്കുന്നു.

സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രജ്ഞരാകട്ടെ, മനുഷ്യരുടെ സാമൂഹികപ്രശ്നവുമായി ബന്ധപ്പെട്ട മേഖലകളിൽ പഠനം നടത്തുന്നു. തൊഴിൽതർക്കങ്ങൾ, ന്യൂനപക്ഷപ്രശ്നങ്ങൾ, സാമൂഹികവികസനപദ്ധതികൾ, സാമ്പത്തികവികസനപദ്ധതികൾ തുടങ്ങിയ മേഖലകളിലും അവർ സംഭാവനകൾ നൽകുന്നു. മനുഷ്യരുടെ സാമൂഹികബന്ധങ്ങളുടെ ചികിത്സാ ശാസ്ത്രമായി അത് മാറുന്നു. സാംസ്കാരികമൂല്യങ്ങൾ മനസ്സിലാക്കുന്നതിന് പുറമേ മനുഷ്യരുടെ മാനസികാവസ്ഥ മനസ്സിലാക്കുന്നതിനും സാന്ദർഭികമായ പ്രശ്നപരിഹാരങ്ങൾ നിർദേശിക്കാനും നരവംശശാസ്ത്രജ്ഞർക്കു കഴിയും. നരവംശശാസ്ത്രജ്ഞർ സ്വന്തം കഴിവുപയോഗിച്ച് സാമൂഹികവ്യവസ്ഥ സന്തുലിതമായി നിലനിർത്താൻ സഹായിക്കുന്നു. തദ്ദേശീയ ജനവിഭാഗങ്ങളുടെ ഭരണവുമായി ബന്ധപ്പെട്ട് നരവംശശാസ്ത്രത്തിലെ അറിവുകളുടെ പ്രയോഗമായിരുന്നു ആദ്യ ഘട്ടങ്ങളിൽ സാംസ്കാരികനരവംശശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങൾ. കുറ്റകൃത്യങ്ങളിൽ പാരമ്പര്യ ഘടകങ്ങളുടെ പങ്ക്, വർഗങ്ങളുടെ പ്രാധാന്യം, മനുഷ്യസമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് തുടങ്ങിയ മേഖലകളിൽ ഉപകാരപ്രദമായ പഠനങ്ങൾ നടത്താൻ നരവംശശാസ്ത്രജ്ഞർക്കു കഴിഞ്ഞിട്ടുണ്ട്.

**പ്രയോഗനരവംശശാസ്ത്രത്തിലെ പ്രധാന മേഖലകൾ**

- വിദ്യാഭ്യാസം/ആരോഗ്യം/ സംസ്കാരം
- കുടുംബാസൂത്രണപദ്ധതികൾ
- സാമൂഹിക വികസനപദ്ധതികൾ
- കുറ്റങ്ങളുടെയും കുറ്റവാളികളുടെയും പ്രശ്നങ്ങൾ
- തൊഴിൽപ്രശ്നങ്ങൾ
- വ്യവസായികവും നാഗരികവുമായ പ്രശ്നങ്ങൾ
- സാംസ്കാരികസമ്പർക്കം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

പുരാവസ്തുനരവംശശാസ്ത്രജ്ഞർ ഉദ്ഖനനത്തിലൂടെ കണ്ടെത്തിയ പുരാവസ്തുക്കൾ മനുഷ്യസംസ്കാരത്തിന്റെ പുനർനിർമിതികളെന്ന നിലയിൽ മ്യൂസിയം വഴി പൊതുജനങ്ങളിലേക്ക് എത്തിക്കാനും അവയെ കുറിച്ച് അറിവുനൽകാനും സാഹായിക്കുന്നു. ആദിമസംസ്കാരങ്ങളെ കുറിച്ച് അറിവു നൽകുന്നതിന് ഇത് വളരെയേറെ സഹായിക്കുന്നു.


ഭാഷാനരവംശശാസ്ത്രജ്ഞർ അന്യഭാഷകളെയും വിദേശഭാഷകളെയും സംബന്ധിച്ച നിരവധി പഠനങ്ങൾ നടത്തുന്നുണ്ട്. ചിലർ അന്യംനിന്നുപോകുന്ന ഭാഷകളെ രേഖപ്പെടുത്തുന്ന ജോലികളിൽ സർക്കാർ ഏജൻസികളുമായി ചേർന്നു പ്രവർത്തിക്കുന്നു.

## പ്രവർത്തനനരവംശശാസ്ത്രം (Action Anthropology)

അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ സോൾ ടാക്സ് (Sol Tax) ആണ് ആദ്യമായി ആക്ഷൻ ആന്ത്രോപോളജി എന്ന ആശയം ഉപയോഗിച്ചത്. നരവംശശാസ്ത്രജ്ഞർ സാമൂഹിക പ്രശ്നങ്ങളിൽ നേരിട്ട് മുഴുകുകയും പ്രശ്നപരിഹാരത്തിന് അവസാനം വരെ പരിശ്രമിക്കുയും ചെയ്യുന്നുവെന്നതാണ് ആക്ഷൻ ആന്ത്രോപോളജിയുടെ സവിശേഷത. ഒരു പ്രശ്നത്തെ സ്വന്തം പ്രശ്നമായി കണ്ട് അവർ പരിഹരിക്കുന്നു. അത് പരിഹരിക്കുന്നതുവരെ അതിന് ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ഒരുതരം പരീക്ഷണരീതിയാണിത്. കേവലം കാഴ്ചക്കാരായി നിൽക്കാതെ പ്രശ്നപരിഹരണത്തിനുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നു. ഇത്തരം പ്രശ്നപരിഹാരങ്ങൾക്കിടയിൽ ഗവേഷണപഠനങ്ങൾ നടക്കുകയും അത് സിദ്ധാന്ത രൂപീകരണത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

### പഠനപുരോഗതി വിലയിരുത്താം

1. താഴെ കൊടുത്ത ചാർട്ട് പൂർത്തിയാക്കുക.




2. നരവംശശാസ്ത്രത്തിന്റെ സമഗ്ര പ്രകൃതത്തെക്കുറിച്ച് സെമിനാർ പേപ്പർ തയാറാക്കുക.

3. നരവംശശാസ്ത്രത്തിന്റെ അറിവുകൾ പ്രയോഗപ്പെടുത്താനുള്ള പ്രധാന മേഖലകൾ പരിശോധിക്കുക.

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലയിലും നരവംശശാസ്ത്രജ്ഞരുടെ ഇടപെടലുകൾ സംഭവിക്കുന്നുണ്ടെന്ന് മേൽസൂചിപ്പിച്ച മേഖലകൾ വ്യക്തമാക്കുന്നുണ്ടല്ലോ. മനുഷ്യർ ഏർപ്പെടുന്ന ഇതരവിഷയങ്ങളുമായും നരവംശശാസ്ത്രം ബന്ധപ്പെട്ടിരിക്കുന്നു.

## IV. നരവംശശാസ്ത്രവും മറ്റു വിഷയങ്ങളുമായുള്ള ബന്ധം

## (Relationship between Anthropology and Other Disciplines)

നരവംശശാസ്ത്രത്തെ സാമൂഹ്യശാസ്ത്രത്തിലാണോ ജൈവശാസ്ത്രത്തിലാണോ ഉൾപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് നരവംശശാസ്ത്രജ്ഞർക്കിടയിൽ തന്നെ ഭിന്നാഭിപ്രായമുണ്ട്. തുടക്കത്തിൽ പരിണാമവാദത്തിന്റെ സ്വാധീനത്താൽ ഇത് ഒരു ജീവശാസ്ത്രമാണെന്നു കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ മനുഷ്യന്റെ സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നതിനാൽ ഈ വിഷയം ഒരു സോഷ്യൽസയൻസ് (സാമൂഹ്യശാസ്ത്രം) ആയി പരിഗണിക്കപ്പെടുന്നു. 'സംസ്കാരം' മനുഷ്യന്റെ ശാരീരിക-മാനസികാവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള ഉപാധിയായതിനാൽ നരവംശശാസ്ത്രത്തിന്റെ സ്ഥാനം പ്രകൃതിശാസ്ത്രത്തിനും സാമൂഹ്യശാസ്ത്രത്തിനും മധ്യേയാണ് എന്നാണ് ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞനായ മലിനോവ്സ്കിയുടെ അഭിപ്രായം.

### നരവംശശാസ്ത്രവും ജീവശാസ്ത്രങ്ങളും (Anthropology and Biological sciences)

മനുഷ്യനെക്കുറിച്ചുള്ള ശാസ്ത്രമാണ് നരവംശശാസ്ത്രം. എന്നാൽ ജീവശാസ്ത്രം മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളെയും കുറിച്ചുള്ള പഠനമാണ്. രണ്ടു വിഷയങ്ങളിലും മനുഷ്യന്റെ ഉദ്ഭവം, പരിണാമം, പാരമ്പര്യം, വ്യതിയാനം, ശാരീരികഘടന, പ്രവർത്തനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുന്നുണ്ട്. ചാൾസ് ഡാർവിനാണ് രണ്ടു വിഷയങ്ങളുടെയും പിതാവായി അറിയപ്പെടുന്നത്. എന്നാൽ ഈ രണ്ടു വിഷയങ്ങളും പല മേഖലകളിലും വ്യത്യസ്തമാണ്. നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹികശാസ്ത്രമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ജീവശാസ്ത്രം മനുഷ്യന്റെ ശാരീരികമായ പ്രത്യേകതകൾ പഠനവിധേയമാക്കുമ്പോൾ നരവംശശാസ്ത്രം മനുഷ്യന്റെ ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ പ്രത്യേകതകളെക്കുറിച്ചു പഠിക്കുന്നു. ജീവശാസ്ത്രം പരീക്ഷണങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ നരവംശശാസ്ത്രം ഫീൽഡ്പഠനത്തിനാണ് പ്രാധാന്യം നൽകുന്നത്.

നരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന പഠനമേഖല മനുഷ്യന്റെ വൈവിധ്യമാണ്. ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവ് പരിണാമത്തെക്കുറിച്ചും വികാസത്തെക്കുറിച്ചും മനസ്സിലാക്കാൻ ആവശ്യമാണ്. ജൈവനരവംശശാസ്ത്രത്തിന്റെ അഞ്ചു പ്രത്യേക പഠനമേഖലകൾ ജൈവവ്യതിയാനത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു.

- പാലിയോ നരവംശശാസ്ത്രം
- മനുഷ്യജനിതകശാസ്ത്രം
- മനുഷ്യന്റെ വളർച്ചയും വികാസവും
- മനുഷ്യന്റെ ശാരീരികമായ അനുകൂലനം
- കുരങ്ങുകൾ, ആൾക്കുരങ്ങുകൾ, മനുഷ്യപൂർവികർ എന്നിവയുടെ പരിണാമം, പെരുമാറ്റം, സാമൂഹികജീവിതം.

ഈ മേഖലകളിലുള്ള നരവംശശാസ്ത്രത്തിന്റെ പഠനതാൽപ്പര്യം ഇതിനെ മറ്റു ശാസ്ത്രശാഖകളായ ജന്തുശാസ്ത്രം, ഭൗമശാസ്ത്രം, ആന്തരികഘടനാശാസ്ത്രം (അനാട്ടമി), ശരീരധർമശാസ്ത്രം (ഫിസിയോളജി), വൈദ്യശാസ്ത്രം എന്നിവയുമായി ബന്ധപ്പെടുത്തുന്നു. ഉദാഹരണമായി, മനുഷ്യപൂർവികരെ വേർതിരിച്ചറിയുന്നതിന് ഓരോ ഘട്ടത്തിലും തലയോട്, എല്ല്, പല്ല് എന്നിവയിലുള്ള മാറ്റങ്ങൾ തിരിച്ചറിയാനും എല്ലുകളെക്കുറിച്ചുള്ള പഠനം (ഓസ്റ്റിയോളജി)

പാലിയോനരവംശശാസ്ത്രത്തെ സഹായിക്കുന്നു. ഇത് ഫോസിലുകളെക്കുറിച്ചു പഠനം നടത്തുന്നു. പുരാതനമനുഷ്യരുടെ ഉപയോഗിച്ച ഉപകരണങ്ങൾ വിശകലനം ചെയ്ത് അവരുടെ ശീലങ്ങൾ, ആചാരങ്ങൾ, ജീവിതരീതി, പരിണാമം എന്നിവ പഠിക്കാൻ പുരാവസ്തുനരവംശ ശാസ്ത്രം സഹായകമാണ്.

ജൈവനരവംശശാസ്ത്രത്തിന്റെ ഒരു പ്രധാന ഭാഗമായ മനുഷ്യജനിതകശാസ്ത്രം ജൈവവൈവിധ്യത്തിന്റെ കാരണങ്ങളും അവ തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്ന രീതികളും വിശദീകരിക്കുന്നു. പാരമ്പര്യത്തോടൊപ്പം പരിസ്ഥിതിയും വ്യക്തിയുടെ ശാരീരിക പ്രത്യേകതകൾ നിർണയിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഉദാഹരണമായി, പാരമ്പര്യമായി ഉയരം കൂടിയ പ്രകൃതമുള്ളവരാണെങ്കിലും കുട്ടിക്കാലത്ത് വേണ്ടത്ര പോഷകാഹാരങ്ങൾ ലഭിച്ചില്ലെങ്കിൽ അത് അവരുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചേക്കാം. മനുഷ്യശരീരത്തിന്റെ വളർച്ചയിലും വികാസത്തിലും ജനിതക പ്രത്യേകതകളോടൊപ്പം പ്രകൃതിക്കുള്ള സ്വാധീനം കൂടി വിശകലനം ചെയ്യപ്പെടേണ്ടതാണ്.

നരവംശശാസ്ത്രവും ജന്തുശാസ്ത്രവും തമ്മിലുള്ള പരസ്പരബന്ധം തെളിയിക്കുന്ന മറ്റൊരു മേഖലയാണ് പ്രൈമേറ്റുകളെക്കുറിച്ച് പഠിക്കുന്ന ശാഖ. കുരങ്ങുകളും ആൾക്കുരങ്ങുകളും മനുഷ്യരും ഉൾപ്പെടെയുള്ള ജീവിവർഗങ്ങളെക്കുറിച്ചുള്ള പഠനമാണ് പ്രൈമറ്റോളജി. പ്രൈമേറ്റുകളുടെ പരിണാമം, പെരുമാറ്റം, ശരീരശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പഠനമാണിത്. ഇതു മനുഷ്യപൂർവികർ ഉൾപ്പെടെയുള്ള ആദ്യകാല പ്രൈമേറ്റുകളുടെ പെരുമാറ്റരീതികളും സ്വഭാവവും പഠിക്കാൻ സഹായിക്കുന്നു. മനുഷ്യസംസ്കാരപരിണാമവും മനുഷ്യരുടെ ജൈവപരിണാമവും മനസ്സിലാക്കാൻ പാലിയോനരവംശശാസ്ത്രജ്ഞരെ പ്രൈമറ്റോളജി ഏറെ സാഹായിക്കുന്നുണ്ട്.

നരവംശശാസ്ത്രത്തിന്റെ മറ്റൊരു ഉപശാഖയായി ചർച്ചചെയ്യപ്പെടുന്ന നാട്ടുവൈദ്യ (ഫോക് മെഡിസിൻ) ത്തെക്കുറിച്ചും വിവിധ തദ്ദേശീയസംസ്കാരങ്ങളുടെ ആരോഗ്യ – ചികിൽസാസമ്പ്രദായങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന മറ്റൊരു ജീവശാസ്ത്രശാഖയാണ് വംശീയ സസ്യശാസ്ത്രം (എത്നോബോട്ടണി).

### നരവംശശാസ്ത്രവും സാമൂഹ്യശാസ്ത്രങ്ങളും (Anthropology and Social Sciences)

പല സാമൂഹ്യശാസ്ത്രങ്ങളും മനുഷ്യന്റെ വ്യത്യസ്ത വ്യവഹാരമേഖലകളെക്കുറിച്ച് വൈവിധ്യമാർന്ന രീതിയിൽ പഠനം നടത്തുന്നു. നരവംശശാസ്ത്രം എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തുമുള്ള മനുഷ്യരുടെ വ്യവഹാരരീതികൾ പഠിക്കുന്നുണ്ട്. നരവംശശാസ്ത്രത്തിൽ ഒരു വസ്തുതയെ ചരിത്രപരമായി താരതമ്യം ചെയ്ത്, വിഷയാന്തരസമീപനത്തിലൂടെ വിശകലനം ചെയ്യുന്നു. അതുകൊണ്ട് ചരിത്രം, സാമൂഹ്യശാസ്ത്രം, മനശ്ശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമ്പത്തികശാസ്ത്രം തുടങ്ങിയ സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ അറിവുകൾ നരവംശശാസ്ത്രം പ്രയോജനപ്പെടുത്തുന്നു.

### നരവംശശാസ്ത്രവും ചരിത്രവും (Anthropology and History)

ഭൂതകാലസാമൂഹികജീവിതത്തിന്റെ പഠനമാണ് ചരിത്രം. എഴുതപ്പെട്ട രേഖകളുടെ സഹായത്തോടെയുള്ള, മനുഷ്യന്റെ ജീവിതരീതിയെക്കുറിച്ചുള്ള പഠനവുമാണ് ചരിത്രം. വ്യത്യസ്ത സമൂഹങ്ങളിൽ മനുഷ്യർ എങ്ങനെ ജീവിച്ചിരുന്നു എന്നും അവരുടെ സംസ്കാരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും ഇതിൽ പരിശോധിക്കുന്നു. നരവംശശാസ്ത്രവും മനുഷ്യ ജീവിതരീതിയെക്കുറിച്ചു പഠിക്കുന്നു. ഇതിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ മനുഷ്യർ എങ്ങനെ ജീവിച്ചിരു

ന്നു, ഓരോ കാലഘട്ടത്തിലും ജീവിതരീതിയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്. സാമൂഹികസ്ഥാപനങ്ങളായ കുടുംബം, വിവാഹം, രാഷ്ട്രീയവ്യവസ്ഥ എന്നിവയ്ക്ക് എങ്ങനെ മനുഷ്യർ രൂപം നൽകി തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുന്നു. അതിനാൽ നരവംശശാസ്ത്രവും ചരിത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ സ്വതന്ത്രമായ വിഷയങ്ങൾ എന്ന നിലയ്ക്ക് ചരിത്രവും നരവംശശാസ്ത്രവും പല മേഖലകളിലും വ്യത്യസ്തത പുലർത്തുന്നു. നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹ്യശാസ്ത്രമാണ്. ചരിത്രം ഒരു സമൂഹശാസ്ത്രവും. ചരിത്രം ഭൂതകാലത്തെക്കുറിച്ചാണ് പഠിക്കുന്നത്. എന്നാൽ നരവംശശാസ്ത്രം എല്ലാ കാലഘട്ടത്തിലുമുള്ള മനുഷ്യനെക്കുറിച്ചു പഠിക്കുന്നു. അതുപോലെ ചരിത്രം എല്ലാ സംഭവങ്ങളുടെയും കാര്യകാരണബന്ധങ്ങൾ വിലയിരുത്തുമ്പോൾ നരവംശശാസ്ത്രം അതിന്റെ സാമൂഹിക-സാംസ്കാരികവശങ്ങൾ വിശകലനം ചെയ്യുന്നു. അതിലെല്ലാമുപരി ചരിത്രം ദ്വിതീയദത്തങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ നരവംശശാസ്ത്രം പങ്കാളിത്ത നിരീക്ഷണത്തിലൂടെ ശേഖരിക്കുന്ന പ്രാഥമികദത്തങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

## നരവംശശാസ്ത്രവും സമൂഹശാസ്ത്രവും (Anthropology and Sociology)

മനുഷ്യസമൂഹത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹശാസ്ത്രം. സാമൂഹികചുറ്റുപാടിൽ മനുഷ്യരുടെ പെരുമാറ്റത്തെക്കുറിച്ചു പഠിക്കുന്ന സമൂഹശാസ്ത്രമാണ് നരവംശശാസ്ത്രം. അതിനാൽ സമൂഹശാസ്ത്രത്തിന്റെയും സമൂഹനരവംശശാസ്ത്രത്തിന്റെയും പഠനമേഖലകൾ ഏറെക്കുറേ സമാനമാണ്. ഉദാഹരണമായി, ഒരു സോഷ്യോളജിസ്റ്റ് ആയ ദുർഖൈമിന്റെ കാഴ്ചപ്പാടുകൾ നരവംശശാസ്ത്രജ്ഞരായ മലിനോവ്സ്കിയെയും റാഡ്ക്ലിഫ് ബ്രൗണിനെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഹോബൽ പറയുന്നത് 'സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും അവയുടെ വിശാലമായ കാഴ്ചപ്പാടിൽ ഒന്നുതന്നെയാണ്'എന്നാണ്. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ എ.എൽ. ക്രോബർ പറയുന്നത് സമൂഹശാസ്ത്രവും സമൂഹനരവംശശാസ്ത്രവും ഇരട്ടസഹോദരിമാരാണ് എന്നാണ്. ബ്രിട്ടനിൽ സമൂഹനരവംശശാസ്ത്രം സമൂഹശാസ്ത്രത്തിന്റെ ഒരു ശാഖയായിട്ടാണ് കണക്കാക്കിയിരുന്നത്.

എന്നാൽ സമൂഹശാസ്ത്രത്തിനും നരവംശശാസ്ത്രത്തിനും അവയുടെ പഠനരീതി, സമീപനം, കാഴ്ചപ്പാട് എന്നീ മേഖലകളിൽ സാമ്പ്രദായികമായി പല വ്യത്യാസങ്ങളുമുണ്ട്. നരവംശശാസ്ത്രം ദീർഘകാലം നീണ്ടുനിൽക്കുന്ന ഫീൽഡ്പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്കാരത്തെക്കുറിച്ചു പഠിക്കുന്നത്. എന്നാൽ സമൂഹശാസ്ത്രം പ്രധാനമായും ദ്വിതീയ (സെക്കന്ററി) ദത്തങ്ങളെയാണ് പഠനത്തിനായി ആശ്രയിക്കുന്നത്. നരവംശശാസ്ത്രം ഗുണപരമായ (Qualitative) പഠനങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ സമൂഹശാസ്ത്രം ഗണപരമായ (Quantitative) പഠനത്തിനാണ് ഊന്നൽ നൽകുന്നത്. മനുഷ്യന്റെ ജൈവ-സാമൂഹികമേഖലകളെ കുറിച്ചുള്ള ഒരു സമഗ്രപഠനമാണ് നരവംശശാസ്ത്രം. എന്നാൽ സമൂഹശാസ്ത്രം മനുഷ്യന്റെ സാമൂഹികമേഖലകളെക്കുറിച്ചു മാത്രമേ പരിശോധിക്കുന്നുള്ളൂ. ആധുനികകാലഘട്ടത്തിൽ സമൂഹശാസ്ത്രം സമൂഹനരവംശശാസ്ത്രത്തിന്റെ പല രീതികളും ഉൾക്കൊണ്ടിട്ടുണ്ട്.

## നരവംശശാസ്ത്രവും മനശ്ശാസ്ത്രവും (Anthropology and Psychology)

സമൂഹനരവംശശാസ്ത്രവും മനശ്ശാസ്ത്രവും മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ചു പഠിക്കുന്നു. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റരീതികളെക്കുറിച്ച് പഠിക്കുമ്പോൾ നരവംശശാസ്ത്രം വ്യക്തികൾ ഉൾപ്പെടുന്ന സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചാണ് പഠിക്കുന്നത്. മനോനരവംശശാസ്ത്രം എന്ന ഒരു ഉപശാഖതന്നെ നരവംശശാസ്ത്രത്തിനുണ്ട്. മനുഷ്യന്റെ സംസ്കാരവും പെരുമാറ്റവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണിത് വിലയിരുത്തുന്നത്. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റത്തെയാണ് കേന്ദ്രീകരിക്കുന്നത്. ഇതിൽ ചില പ്രത്യേക ചോദനകളോട്

ആളുകൾ എങ്ങനെയാണ് പ്രതികരിക്കുന്നത് എന്നു വിലയിരുത്തുന്നു. സാമൂഹികാന്തരീക്ഷത്തിൽ വ്യക്തികളുടെ പെരുമാറ്റത്തെക്കുറിച്ചാണ് സമൂഹമനശ്ശാസ്ത്രജ്ഞർ പഠിക്കുന്നത്.

ഏറെ സമാനതകളുണ്ടെങ്കിലും നരവംശശാസ്ത്രവും മനശ്ശാസ്ത്രവും തമ്മിൽ പല വ്യത്യാസങ്ങളും നിലനിൽക്കുന്നു. മനശ്ശാസ്ത്രം വ്യക്തികളുടെ പെരുമാറ്റത്തിൽ കേന്ദ്രീകരിക്കുമ്പോൾ നരവംശശാസ്ത്രം സംഘങ്ങളുടെ പെരുമാറ്റത്തെക്കുറിച്ചാണ് പറയുന്നത്. സമൂഹത്തിലെ ആളുകൾക്കിടയിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും ഇതിൽ വിശകലനം ചെയ്യുന്നു. മനശ്ശാസ്ത്രജ്ഞർ ക്ലിനിക്കൽ പരീക്ഷണങ്ങൾക്കു പ്രാധാന്യം നൽകുമ്പോൾ നരവംശശാസ്ത്രജ്ഞർ കൂടുതലായും ഫീൽഡ് പഠനങ്ങളെ ആശ്രയിക്കുന്നു. വ്യക്തികളുടെ ചിന്തകൾക്കും വികാരങ്ങൾക്കും പ്രചോദനങ്ങൾക്കുമാണ് മനശ്ശാസ്ത്രജ്ഞർ ശ്രദ്ധ കൊടുക്കുന്നതെങ്കിൽ നരവംശശാസ്ത്രം സാമൂഹികസംഘാടനത്തെക്കുറിച്ചു വിശകലനം ചെയ്യുന്നതിനാണ് വ്യക്തിബന്ധങ്ങളെക്കുറിച്ചു പഠിക്കുന്നത്.

### നരവംശശാസ്ത്രവും രാഷ്ട്രതന്ത്രശാസ്ത്രവും

### (Anthropology and Political Science)

നരവംശശാസ്ത്രവും രാഷ്ട്രതന്ത്രശാസ്ത്രവും മനുഷ്യന്റെ സാമൂഹികജീവിതത്തെക്കുറിച്ചാണ് വിലയിരുത്തുന്നത്. ഒരു രാഷ്ട്രത്തിന്റെ സംഘാടനത്തെക്കുറിച്ചും പ്രവൃത്തികളെക്കുറിച്ചുമുള്ള അറിവുകൾ രാഷ്ട്രതന്ത്രശാസ്ത്രം നരവംശശാസ്ത്രത്തിനു നൽകുമ്പോൾ നരവംശശാസ്ത്രം രാഷ്ട്രേതരസമൂഹങ്ങളിൽ നിന്നു രാഷ്ട്രത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള അറിവ് രാഷ്ട്രതന്ത്രശാസ്ത്രത്തിനു നൽകുന്നു.

നരവംശശാസ്ത്രം രാഷ്ട്ര – രാഷ്ട്രേതരസമൂഹങ്ങളുടെ രാഷ്ട്രീയസംഘാടനം പഠിക്കുമ്പോൾ രാഷ്ട്രതന്ത്രശാസ്ത്രം രാഷ്ട്രങ്ങളിലെ സ്ഥാപനവൽക്കരിക്കപ്പെട്ട വിവിധതരം ഭരണസംവിധാനങ്ങളെക്കുറിച്ചാണ് പഠിക്കുന്നത്. അതിനേക്കാളുപരി രാഷ്ട്രതന്ത്രശാസ്ത്രം രാഷ്ട്രങ്ങളുടെ ഭരണസംവിധാനങ്ങളെക്കുറിച്ച് മാത്രം പഠിക്കുമ്പോൾ നരവംശശാസ്ത്രം രാഷ്ട്രീയ സംഘാടനം മുഖേനയുള്ള മനുഷ്യന്റെ സമസ്ത സാമൂഹികസ്ഥാപനങ്ങളെയും സമഗ്രമായി പഠനവിധേയമാക്കുന്നു.

### നരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും (Anthropology and Economics)

നരവംശശാസ്ത്രവും സാമ്പത്തികശാസ്ത്രവും തമ്മിൽ അടുത്ത ബന്ധമാണുള്ളത്. മനുഷ്യരുടെ സാമ്പത്തികവ്യവഹാരത്തെക്കുറിച്ച് രണ്ടു വിഷയങ്ങളും പഠിക്കുന്നുണ്ട്. സാമ്പത്തികവ്യവസ്ഥയിലുള്ള ഏതൊരു




മാറ്റവും സമൂഹത്തിലും സംസ്കാരത്തിലും പ്രതിഫലിക്കപ്പെടും. അതുകൊണ്ടുതന്നെ സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് സാമ്പത്തികവ്യവസ്ഥയെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. എന്നാൽ സാമ്പത്തികശാസ്ത്രം മനുഷ്യരുടെ സാമ്പത്തികവ്യവഹാരത്തെക്കുറിച്ചു മാത്രം പഠിക്കുമ്പോൾ നരവംശശാസ്ത്രം സാമ്പത്തികവ്യവഹാരത്തോടൊപ്പം മനുഷ്യരുടെ സാമൂഹിക-സാംസ്കാരികജീവിതത്തിന്റെ സമസ്തമേഖലകളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നു എന്നതാണ് പ്രത്യേകത. അതുപോലെത്തന്നെ സാമ്പത്തികശാസ്ത്രം ആധുനികസമൂഹത്തിന്റെ സങ്കീർണമായ സാമ്പത്തികജീവിതം പ്രതിപാദിക്കുമ്പോൾ നരവംശശാസ്ത്രം ലളിതസമൂഹങ്ങളിലെ സാമ്പത്തികവ്യവസ്ഥയും ആധുനിക സങ്കീർണസമൂഹങ്ങളിലേക്കുള്ള അതിന്റെ പരിണാമവും പഠനവിഷയമാക്കുന്നു.

*നരവംശശാസ്ത്രത്തിന് മറ്റു ജൈവ-സാമൂഹ്യശാസ്ത്രങ്ങളുമായുള്ള സമാനതകളും വ്യത്യാസങ്ങളും കണ്ടെത്തി ചാർട്ട് തയാറാക്കുക.*



## പഠനപുരോഗതി വിലയിരുത്താം

1. ജോടി കണ്ടെത്തുക.
   - എ. മനശ്ശാസ്ത്രം : മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ചുള്ള പഠനം
     മനോനരവംശശാസ്ത്രം : ............................
   - ബി. ചരിത്രം: സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം: ........
2. നരവംശശാസ്ത്രവും മറ്റു ജൈവ സാമൂഹ്യശാസ്ത്രങ്ങളുമായുള്ള വ്യത്യാസങ്ങൾ കാണിക്കുന്ന ചാർട്ട് തയാറാക്കുക.
4. നരവംശശാസ്ത്രത്തെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാക്കി നിർത്തുന്ന പ്രത്യേകതകൾ പരിശോധിക്കുക.

## V. നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും


## (Origin and Development of Anthropology)

ലോകത്തു നിലവിലുള്ള പഠനമേഖലകളിൽ നരവംശശാസ്ത്രം സവിശേഷമായ ഒരു സ്ഥാനം വഹിക്കുന്നു. ഇന്ന് ലോകത്തിലെ പ്രശസ്തമായ മിക്കവാറും സർവകലാശാലകളിൽ ഈ വിഷയത്തിനു പഠനവകുപ്പുകളുണ്ട്. മാത്രമല്ല, ഭരണത്തിന്റെ വിവിധമേഖലകളിൽ നരവംശശാസ്ത്രജ്ഞർ നിയോഗിക്കപ്പെട്ടുവരുന്നു. ഗവേഷണത്തിനു പ്രാധാന്യം നൽകുന്ന ഒരു പഠനശാഖ എന്ന നിലയിൽ ദീർഘകാലം കൊണ്ടാണ് നരവംശശാസ്ത്രം ഈ നിലയിൽ വികസിച്ചുവന്നത്. പ്രപഞ്ചപ്രതിഭാസങ്ങൾ മനസ്സിലാക്കാൻ മനുഷ്യർ ജന്മനാ തൽപ്പരരായിരുന്നെങ്കിലും മനുഷ്യജീവിതത്തിന്റെ ക്രമാനുഗതമായ വിശകലനം വളരെക്കാലം കഴിഞ്ഞാണ് ആരംഭിച്ചത്. മനുഷ്യനെക്കുറിച്ചുള്ള സമഗ്രപഠനമെന്ന നിലയിൽ എങ്ങനെയാണ് നരവംശശാസ്ത്രം ലോകത്ത് പൊതുവെയും ഇന്ത്യയിൽ പ്രത്യേകിച്ചും രൂപപ്പെട്ടത് എന്ന് നമുക്കിനി പരിശോധിക്കാം.

### മനുഷ്യ ജിജ്ഞാസയും നരവംശശാസ്ത്രപര്യവേക്ഷണവും

### (Human Curiosity and Anthropological Excavations)

മനുഷ്യരുടെ നിലനിൽപ്പിനെ സംബന്ധിച്ച അന്വേഷണവും മനുഷ്യജീവിതത്തിന്റെ രഹസ്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസയും മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുള്ളവയാണ്. എന്നാൽ മനുഷ്യസമൂഹത്തിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യാനുള്ള ചിട്ടയായ പരിശ്രമം


A HUNDRED YEARS
OF
ANTHROPOLOGY

by
T. K. PENNIMAN, M.A. (Oxon)
Secretary to the Committee for Anthropology in the University of Oxford

DUCKWORTH
3 Henrietta Street, London, W.C.2

ചിത്രം.1.5 *'എ ഹൻഡ്രഡ് ഇയേർസ് ഓഫ് ആന്ത്രോപോളജി' എന്ന പുസ്തകത്തിന്റെ പുറംചട്ട.*

പാശ്ചാത്യലോകത്ത് ഗ്രീക്ക് ചിന്തകരുടെ കാലം മുതലും പുരാതന ഇന്ത്യയിൽ വേദകാലം മുതലും കാണാവുന്നതാണ്. സാർവത്രികമായ മനുഷ്യസ്വഭാവസവിശേഷതയായ ജിജ്ഞാസയെ അടിസ്ഥാനമാക്കിയതാണ് നരവംശശാസ്ത്രചിന്ത എന്നതിനാൽ ഒരർഥത്തിൽ നമ്മളെല്ലാം നരവംശശാസ്ത്രപ്രവർത്തനം നടത്തുന്നവരാണ്. കാരണം, നാം നമ്മളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ജീവിച്ചിരിക്കുന്നവരെക്കുറിച്ചും മരണപ്പെട്ടവരെക്കുറിച്ചും സമീപവാസികളെക്കുറിച്ചും ഭൂഗോളത്തിന്റെ മറ്റു ദേശങ്ങളിൽ താമസിക്കുന്നവരെക്കുറിച്ചുമെല്ലാം അറിയാൻ താൽപ്പര്യപ്പെടുന്നവരാണ്. എന്നാൽ, ഒറ്റപ്പെട്ടു ജീവിക്കുന്ന ജനവിഭാഗങ്ങളുടെ ഭരണപരമായ ആവശ്യങ്ങൾക്കും മതപരിവർത്തനം ലക്ഷ്യം വച്ചും മറ്റു സവിശേഷമായ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലും കാലക്രമത്തിൽ അന്യസംസ്കാരങ്ങളെക്കുറിച്ചുള്ള അന്വേഷണം ആരംഭിച്ചത് ഈ അന്വേഷണത്വരയുടെ മറ്റൊരു തലമായിരുന്നു. ഇത്തരം അന്വേഷണങ്ങളാണ് നരവംശശാസ്ത്രപഠനത്തിന്റെ അടിസ്ഥാനം. വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ നരവംശശാസ്ത്രം എന്ന പഠനമേഖല എങ്ങനെ രൂപപ്പെട്ടു എന്ന് നമുക്കു പരിശോധിക്കാം.

## ലോക നരവംശശാസ്ത്രത്തിന്റെ ഉദ്ഭവവും വികാസവും

## (Origin and Development of World Anthropology)

നരവംശശാസ്ത്രത്തിന്റെ അർഥം, വിവിധ പഠനമേഖലകൾ തുടങ്ങിയവ ഇതിനകം പരിചയപ്പെട്ടുകഴിഞ്ഞു. വിപുലവും വ്യത്യസ്തവുമായ വ്യാപ്തി തന്നെയാണ് നരവംശശാസ്ത്രത്തിന്റെ തനതായ ഒരു സവിശേഷത. എന്നാൽ നരവംശശാസ്ത്രത്തിന് അതിന്റെ വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ ഇത്രയും വിപുലമായ വ്യാപ്തിയുണ്ടായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇതിന്റെ ഉദ്ഭവവും പരിണാമവും നൂറ്റാണ്ടുകളിലൂടെയാണ് സംഭവിച്ചത്. മനുഷ്യജീവിതത്തെക്കുറിച്ച് മനസ്സിലാക്കാനുള്ള ഏതൊരു ശ്രമവും നരവംശശാസ്ത്രാന്വേഷണത്തിന്റെ തുടക്കമായി കരുതാവുന്നതാണ്. ഇന്ത്യയിലും ലോകത്തിലും നരവംശശാസ്ത്രം വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ എങ്ങനെ വളർന്നു എന്ന് ഇനി ചർച്ചചെയ്യാം.

ലോകത്തു നരവംശശാസ്ത്രത്തിന്റെ വികാസം വിലയിരുത്താൻ വ്യത്യസ്തങ്ങളായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ **ടി.കെ. പെന്നിമാന്റെ** സംഭാവന പരമപ്രധാനമാണ്. നരവംശശാസ്ത്രത്തിന്റെ വളർച്ചാഘട്ടങ്ങളെ അദ്ദേഹത്തിന്റെ 'നരവംശശാസ്ത്രത്തിന്റെ നൂറുവർഷം' (A Hundred years of Anthropology) 1935 എന്ന ഗ്രന്ഥത്തിൽ നാലായി തരംതിരിക്കുന്നു.

### 1. രൂപീകരണകാലഘട്ടം (Formulatory period) 1835 നു മുമ്പ്

നരവംശശാസ്ത്രചരിത്രത്തിലെ ആദ്യത്തെതും ദീർഘവുമായ കാലഘട്ടമാണിത്. ഗ്രീക്ക് ചരിത്രകാരർ, തത്ത്വചിന്തകർ, പ്രകൃതിപഠനക്കാർ തുടങ്ങിയവർ പ്രതിനിധാനം ചെയ്യുന്ന ഈ കാലഘട്ടത്തിലെ പ്രധാന ചിന്തകനായിരുന്ന **ഹെറഡോട്ടസിനെ** (484–425 ബി.സി) പെന്നിമാൻ ആദ്യത്തെ നരവംശശാസ്ത്രജ്ഞനായി കണക്കാക്കുന്നു. ഹെറഡോട്ടസ് തന്നെയാണ് ഗ്രീക്കു സാംസ്കാരികപഠനത്തിന്റെ പിതാവും. അദ്ദേഹം ലോകത്താകമാനം സഞ്ചരിക്കുകയും തനിക്ക് പരിചിതമല്ലാത്ത ജനവർഗങ്ങൾ, അവരുടെ ആചാരങ്ങൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുകയും ചെയ്തു. പിതാവാണോ മാതാവാണോ കുടുംബത്തിന്റെ സ്വാഭാവികനേതാവ്?

മനുഷ്യവൈവിധ്യത്തിന്റെ വികാസത്തിനും വ്യാപനത്തിനും എത്രമാത്രം സമയം ആവശ്യമാണ്? ഇത്തരം ചോദ്യങ്ങളുയർത്തിയ അദ്ദേഹം സംസ്കാരത്തിന്റെ പല ഘട്ടങ്ങളിലുള്ള ജനങ്ങളെക്കുറിച്ച് ധാരാളം വസ്തുതകൾ ശേഖരിച്ചു. അതുകൂടാതെ സംസ്കാരത്തിന്റെ ഉദ്ഭവത്തെക്കുറിച്ചും സംസാരഭാഷയെക്കുറിച്ചും ഭൗതികസംസ്കാരം, വിവാഹം, വിവാഹമോചനം, സാമൂഹികനിയമങ്ങൾ, ആചാരങ്ങൾ എന്നിവയെപ്പറ്റിയുമെല്ലാം അദ്ദേഹം വിശകലനം നടത്തി.

മനുഷ്യനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അറിവ് രൂപപ്പെടുത്തിയ മറ്റൊരു ഗ്രീക്ക് ചിന്തകനാണ് **പ്രൊട്ടഗോറസ്** (480–410 ബി.സി).'മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ' എന്ന ദ്ദേഹം അഭിപ്രായപ്പെട്ടു. ആദ്യമായി ആപേക്ഷികതാസിദ്ധാന്തം മുന്നോട്ടുവച്ച ഇദ്ദേഹം, എങ്ങനെയാണ് വ്യത്യസ്ത സാമൂഹികഘടകങ്ങൾ നിലവിൽവന്നത് എന്ന് വിശദീകരിക്കുന്ന പരിണാമമാതൃക (Evolutionary scheme) പരിചയപ്പെടുത്തുകയും ചെയ്തു.

ഈ കാലഘട്ടത്തിലെ മറ്റൊരു ഗ്രീക്ക് ചിന്തകനാണു **സോക്രട്ടീസ്** (470–399 ബി.സി). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എല്ലാ സമൂഹങ്ങളും മുന്നോട്ടു നയിക്കപ്പെടുന്നത് ചില സാർവത്രികമൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. മറ്റൊരു ഗ്രീക്ക് ചിന്തകനായ **പ്ലാറ്റോ** (428–348 ബി.സി) രാഷ്ട്രം, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആശയങ്ങൾ മുന്നോട്ടുവച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാമൂഹികനിയന്ത്രണത്തിനു പുറത്തുള്ളവർ മൃഗങ്ങളാണ്. മാത്രമല്ല, സമൂഹമാണ് വ്യക്തിയെ സാമൂഹികജീവിയായി രൂപപ്പെടുത്തുന്നത്. അദ്ദേഹത്തെ പ്പോലെ രാഷ്ട്രം, മനുഷ്യൻ എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട കാഴ്ചപ്പാട് അവതരിപ്പിച്ച **അരിസ്റ്റോട്ടിൽ** (384–322 ബി.സി)ജീവികളുടെ ധർമപരവും ഘടനാപരവുമായ വ്യത്യാസങ്ങൾ കൃത്യമായി മനസ്സിലാക്കിയിരുന്നു. വവ്വാലുകളെ പക്ഷികളായി കണക്കാക്കാതെയും തിമിംഗലത്തെ മത്സ്യമായി കണക്കാക്കാതെയും സസ്തനിവർഗത്തിൽ ഉൾപ്പെടുത്തി വർഗീകരിച്ചത് ഇക്കാര്യം വ്യക്തമാക്കുന്നു. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ രാഷ്ട്രമാണ് മനുഷ്യന്റെ പെരുമാറ്റത്തെ നിർണയിക്കുന്നത്. നിയമവും നീതിയുമില്ലാത്ത സാഹചര്യത്തിൽ മൃഗതുല്യനായി മാറുന്ന മനുഷ്യൻ യഥാർഥത്തിൽ ഒരു സാമൂഹികജീവിയാണ്.

മധ്യകാലഘട്ടത്തിൽ യാത്രക്കാരും പര്യവേക്ഷകരും അവർ കണ്ടുമുട്ടിയവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. മാർക്കോ പോളോ(1224–1313), വാസ്കോഡഗാമ (1397–1499) തുടങ്ങിയവർ ഇത്തരത്തിൽ നരവംശശാസ്ത്രസംബന്ധമായ അറിവ് സമ്പുഷ്ടമാക്കുന്നതിൽ വലിയ സംഭാവന നൽകി. 17–ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് ബേക്കൺ, തോമസ് ഹോബ്സ് തുടങ്ങിയവർ സമൂഹത്തെക്കുറിച്ചുള്ള പഠനത്തിനായി സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു. സംസ്കാരത്തെക്കുറിച്ചുള്ള നിർവചനം രൂപവൽക്കരിക്കാൻ നരവംശശാസ്ത്രജ്ഞരെ സഹായിക്കുന്നതിനാവശ്യമായ കാൽപ്പനികമായ അടിത്തറ ജോൺ ലോക്ക് രൂപീകരിക്കുകയുണ്ടായി. ജർമൻ ചിന്തകനായ ഇമ്മാനുവൽ കാന്റ് (1724–1804) 1789 ൽ പ്രസിദ്ധീകരിച്ച 'നരവംശശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ മനുഷ്യന്റെ മൃഗത്തിൽനിന്നുള്ള ഉദ്ഭവം വിശദമാക്കുകയും മനുഷ്യനെക്കുറിച്ചുള്ള അറിവ് ആദിമമനുഷ്യാവസ്ഥയിൽ നിന്നു രൂപപ്പെട്ടുവന്നതാണെന്ന നിഗമനത്തിലെത്തുകയും ചെയ്തു.

മനുഷ്യവിഭാഗത്തിന്റെ വിവിധവർഗങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് 16–ാം നൂറ്റാണ്ടിൽ വലിയ ജിജ്ഞാസ രൂപപ്പെട്ടിരുന്നു. 1628 ൽ രക്തചംക്രമണത്തിന്റെ മാതൃകാപ്രദർശനം നടത്തിയ **വില്യം ഹാർവിയും** മൈക്രോസ്കോപ്പ് കണ്ടുപിടിച്ച **ല്യൂവൻ ഹോക്കും** ഒരു പുതിയ പഠനമേഖല ആരംഭിക്കുകയായിരുന്നു. **വെസ്സാലിയസ്** മനുഷ്യനെ മനുഷ്യക്കുരങ്ങുമായി താരതമ്യപ്പെടുത്താനുള്ള ശ്രമം നടത്തുകയുണ്ടായി. മനുഷ്യശരീരത്തിൽ ശസ്ത്രക്രിയ നടത്താനും അദ്ദേഹം ശ്രമം നടത്തി. 1735 ൽ പ്രസിദ്ധീകരിച്ച 'സിസ്റ്റമ നാച്ചുറേ' എന്ന പുസ്തകത്തിലൂടെ ജീവിവർഗങ്ങളുടെ വർഗീകരണത്തിൽ മനുഷ്യനെയും ഉൾപ്പെടുത്തി.

ക്രിസ്തുമതപ്രചാരണത്തിനും മതപരിവർത്തനത്തിനും 16, 17 നൂറ്റാണ്ടുകളിലായി ലോകയാത്ര നടത്തിയ ക്രിസ്ത്യൻ മിഷണറിമാർ, അവരുടെ പ്രവർത്തനം ലളിതമാക്കുന്നതിനായി തദ്ദേശീയജന ങ്ങളുടെ സംസ്കാരത്തെക്കുറിച്ചു പഠനം നടത്തുകയുണ്ടായി. കോളനിവൽക്കരണത്തിന്റെ കാല ഘട്ടത്തിൽ ബ്രിട്ടിഷ് ഭരണാധികാരികൾ അവരുടെ ഭരണപരമായ കാര്യങ്ങൾക്കായി തദ്ദേശീയജന തയെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിരുന്നു. എഡ്ഗാർ തേഴ്സ്റ്റൺ(കാസ്റ്റ് ആന്റ് ട്രൈബ്സ് ഓഫ് ഇന്ത്യ), വില്യം ക്രൂക്ക് (ട്രൈബ്സ് ആന്റ് കാസ്റ്റ്സ് ഓഫ് നോർത്ത് വെസ്റ്റേൺ പ്രൊവിൻസസ്), വെരിയർ എൽവിൻ (ഫിലോസഫി ഫോർ നേഫ), ജോൺ റസ്സൽ എന്നിവർ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളുടെ പഠനത്തിലൂടെ നരവംശശാസ്ത്രത്തിന് കാര്യമായ സംഭാ വനകൾ നൽകിയിട്ടുണ്ട്.

## 2. മിശ്രണകാലഘട്ടം (Convergent Period) - 1835 - 1859

ഇക്കാലയളവിൽ വിവിധരാജ്യങ്ങളിലെ പണ്ഡിതർ മനുഷ്യന്റെ ശാരീരികവും സാമൂഹികവുമായ ഉദ്ഭവം സംബന്ധിച്ച വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ കാൾ മാർക്സ് (1818–1883), ചാൾസ് ലൈൽ (1797–1895), വില്യം സ്മിത്ത് (1769–1839) എന്നിവരുടെ സംഭാവ നകൾ പ്രധാനപ്പെട്ടതാണ്. ചരിത്രത്തിന്റെ ചാലകശക്തിയായി കാൾ മാർക്സ് വൈരുധ്യാ ത്മകപ്രക്രിയയെ പരിഗണിച്ചു. പുരാവസ്തുശാസ്ത്രത്തിൽ ബൗച്ചർ ഡി വർത്തിന്റെ 1838, 1846 എന്നീ വർഷങ്ങളിലെ ഫ്ലിന്റ് ഉപകരണങ്ങളുടെ കണ്ടെത്തൽ, ഡോ. റിഗോലെറ്റിന്റെ 1854 ലെ സെന്റ് അഷൂൾ എന്ന പുരാവസ്തുപ്രദേശത്തിന്റെ കണ്ടെത്തൽ എന്നിവ ഈ മേഖലയിലെ ചില പുതിയ വികാസങ്ങളായിരുന്നു. 1857–ൽ ഡസൽ ഡോർഫിൽ കണ്ടെത്തിയ നിയാണ്ടർതാൽ മനുഷ്യന്റെ ഫോസിൽ മനുഷ്യപരിണാമത്തെക്കുറിച്ച് പുതിയ കാഴ്ചപ്പാട് നൽകി. 1833 ൽ പ്രസി ദ്ധീകരിച്ച 'ദ നാച്ചുറൽ ഹിസ്റ്ററി ഓഫ് മാൻ' (The Natural History of Man), 1836 ൽ പ്രസിദ്ധീ കരിച്ച 'മനുഷ്യന്റെ ഭൗതികചരിത്രം' (Physical History of Man) എന്നീ ഗ്രന്ഥങ്ങളിൽ ജയിംസ് പ്രിച്ചാർഡ് മനുഷ്യവർഗത്തെക്കുറിച്ചുള്ള വസ്തുതകൾ വർഗീകരിക്കുകയും ക്രമീകരിക്കുകയും ചെയ്തു. അദ്ദേഹം നിറം, മുടി, നീളം എന്നിവയിലെ വ്യത്യാസം നിർദേശിക്കുകയും വർഗനിർണയത്തിന്റെ വ്യത്യസ്ത മാനദണ്ഡങ്ങൾ പരിശോധിക്കുകയും ചെയ്തു. ഇത്തരം ആശ യങ്ങളുടെയെല്ലാം ഒരുമിച്ചുചേരൽ സമ്പൂർണമാവുന്നത് ചാൾസ് ഡാർവിന്റെ 'ജീവിവർഗങ്ങളുടെ ഉദ്ഭവം' (The Origin of Species) എന്ന പുസ്തകം 1859 ൽ പ്രസിദ്ധീകൃതമാവുന്നതോടെയാ ണ്. ഇതിൽ അദ്ദേഹം 'ഡാർവിന്റെ പരിണാമസിദ്ധാന്തം' എന്ന പേരിലറിയപ്പെട്ട ജീവപ രിണാമസിദ്ധാന്തം മുന്നോട്ടുവച്ചു. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ ശാസ്ത്രീയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ ശാരീരികപരിണാമം സ്ഥിരീകരിക്കപ്പെട്ടു. ഈ നിലയിൽ മനുഷ്യന്റെയും മനുഷ്യസമൂഹത്തിന്റെയും ഉദ്ഭവം സംബന്ധിച്ച് ഉയർന്ന വിവിധ വാദങ്ങൾക്ക് 'ജീവിവർഗങ്ങളുടെ ഉദ്ഭവം' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെ അവ സാനമായി.

## 3. സർഗാത്മകകാലഘട്ടം (Constructive Period)- 1859 - 1900

ഈ കാലയളവിൽ നരവംശശാസ്ത്രം നിരവധി സർവകലാശാലകളിൽ സ്വതന്ത്രപഠനവിഷയ മെന്ന നിലയിൽ ആരംഭിച്ചു. 1884–ൽ ഓക്സ്ഫോർഡ് സർവകലാശാലയിലും 1900 ൽ കേംബ്രിഡ്ജ് സർവകലാശാലയിലും നരവംശശാസ്ത്രപഠനം ആരംഭിച്ചു. ഇ. ബി. ടെയ്‌ലർ, ജയിംസ് ഫ്രെയ്സർ, ഹെൻറി മെയിൻ, എൽ. എച്ച്. മോർഗൻ എന്നിവരുടെ ശാസ്ത്രീയഗവേഷണങ്ങളും പ്രസിദ്ധീക രണങ്ങളും ഇക്കാലയളവിലാണ് ആരംഭിച്ചത്. എത്നോളജി, പുരാവസ്തു ചരിത്രം, സമൂഹനര വംശശാസ്ത്രം, ജൈവനരവംശശാസ്ത്രം എന്നീ നരവംശശാസ്ത്രശാഖകൾ ഈ സമയത്ത്


രൂപപ്പെട്ടുവന്നു. ഇംഗ്ലണ്ട് കൂടാതെ ജർമനി, അമേരിക്ക, ഫ്രാൻസ് എന്നിവിടങ്ങളിൽ നരവംശ ശാസ്ത്രഗവേഷണങ്ങൾ വിപുലമാക്കി. ഫ്രാൻസിൽ നരവംശശാസ്ത്രം പ്രചരിപ്പിക്കുന്നതിന് എമിൽ ദുർഖൈമിന്റെ സംഭാവനകൾ സഹായകമായി. അമേരിക്കൻ ഫോക്‌ലോർ വാർത്താപത്രിക, ഗ്രേറ്റ് ബ്രിട്ടൻ, അയർലാൻഡ് എന്നിവയുടെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ബുള്ളറ്റിൻ (ഇപ്പോൾ 'മാൻ' എന്നറിയപ്പെടുന്നു) തുടങ്ങിയവും ആരംഭിക്കുകയുണ്ടായി. ധാരാളം നരവംശശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഉദ്യോഗസ്ഥരായ എഡ്ഗാർ തേഴ്സ്റ്റൺ, റസ്സൽ തുടങ്ങിയവരുടെ ഗവേഷണങ്ങളും ഇന്ത്യയിൽ നരവംശശാസ്ത്രപാരമ്പര്യം വളർത്താൻ സഹായകമായി.

### 4. വിമർശനാത്മക കാലഘട്ടം (Critical Period) – 1900 മുതൽ

നരവംശശാസ്ത്രവികസനത്തിൽ നിർണായകമായ സംഭാവനകൾ ഉണ്ടായതിനാലാണ് വിമർശനാത്മക കാലഘട്ടം എന്ന് പെന്നിമാൻ ഈ കാലയളവിന് പേരു നൽകിയത്. 1908–ൽ ബ്രിട്ടനിലെ ലിവർപൂൾ സർവകലാശാലയിൽ സമൂഹനരവംശശാസ്ത്രപഠനവിഭാഗം സ്ഥാപിച്ചു. ഇതിന്റെ അധ്യക്ഷൻ സർ ജയിംസ് ഫ്രെയ്സർ ആയിരുന്നു. ഇന്ത്യയിലെ ആദ്യ നരവംശ ശാസ്ത്രപഠനവകുപ്പ് 1920ൽ കൽക്കത്ത സർവകലാശാലയിൽ ആരംഭിച്ചു. 1919ൽ ബോംബെ സർവകലാശാലയുടെ സമൂഹശാസ്ത്രപഠനവകുപ്പിൽ നരവംശശാസ്ത്രം ഉൾപ്പെടുത്തുകയുണ്ടായി. വ്യത്യസ്ത ചിന്താപദ്ധതികളും ഇക്കാലയളവിൽ രൂപവൽക്കരിക്കപ്പെട്ടു. ധർമവാദം, ഘടനാവാദം, സംസ്കാര വ്യാപനവാദം, സംസ്കാര-വ്യക്തിത്വബന്ധവാദം എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ഇക്കാലയളവിലെ നരവംശശാസ്ത്രഗവേഷകർ വ്യത്യസ്ത സാമൂഹികസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ചു. ഉദാഹരണമായി, ബി. കെ. മലിനോവ്സ്കി ട്രോബ്രിയന്റ് ദ്വീപുനിവാസികളുടെ ഇടയിലെ ഫീൽഡ് പഠനത്തിന്റെ അടിസ്ഥാനത്തിൽ ധർമവാദം മുന്നോട്ടുവച്ചു. റാഡ്ക്ലിഫ് ബ്രൗൺ ആന്തമാൻ – നിക്കോബാർ ദ്വീപുവാസികളുടെ പഠനത്തിന്റെയടിസ്ഥാനത്തിലാണ് തന്റെ ഘടനാവാദം അവതരിപ്പിച്ചത്. അതുപോലെ അമേരിക്കൻ പണ്ഡിതരായ എ.എൽ ക്രോബർ, റൂത്ത് ബെനഡിക്റ്റ്, മാർഗരറ്റ് മീഡ്, ക്ലാർക്ക് വിസ്‌ലർ എന്നിവർ ലോക നരവംശശാസ്ത്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അവരുടേതായ പങ്കുവഹിച്ചു.

## ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചയും വികാസവും (Growth and Development of Indian Anthropology)

ഇന്ത്യയിൽ നരവംശശാസ്ത്രചിന്തയുടെയും പഠനത്തിന്റെയും ഗതി വളരെ പതുക്കെയായിരുന്നെങ്കിലും സ്ഥായിയായതായിരുന്നു. ബസു റായ് ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വളർച്ചാഘട്ടങ്ങളെ താഴെക്കൊടുത്ത മേഖലകളായി തരംതിരിക്കുന്നു. എന്നാൽ മറ്റു ചില നരവംശശാസ്ത്രജ്ഞർ ഇതിന്റെ സമയക്രമത്തിൽ അഭിപ്രായവ്യത്യാസമുള്ളവരാണ്.



ചിത്രം. 1.6 സർ വില്യം ജോൺസ്

### 1. പ്രാരംഭഘട്ടം (Formative Phase) - 1774-1919

ഇക്കാലയളവിൽ നരവംശശാസ്ത്രപഠനം ഇന്ത്യയിലെ ഗോത്രജീവിതത്തിനും അതിന്റെ ആചാരങ്ങളുടെ വൈവിധ്യത്തിനുമാണ് ഊന്നൽ നൽകിയത്. അന്ന് ഇന്ത്യയിലെ ഗോത്ര-ജാതിവിഭാഗങ്ങളെക്കുറിച്ചുള്ള ധാരാളം സർവവിജ്ഞാനകോശങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. വ്യത്യസ്ത എത്നോഗ്രാഫിക് റിപ്പോർട്ടുകൾ കൂടാതെ ഡാൽട്ടൺ,

ബുക്കാനൻ, ലോർഡ് ബേഡൻ പവ്വൽ എന്നിവരുടെ റവന്യൂറിപ്പോർട്ടുകളും ഇക്കാലയളവിലെ ഇന്ത്യൻ സാമൂഹിക - സാംസ്കാരികാവസ്ഥ പരിശോധിക്കാൻ സഹായകമായി. 1774 ൽ സർ വില്യം ജോൺസ് 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ഇന്ത്യ' സ്ഥാപിച്ചത് നിർണായകമായിരുന്നു. 1784 ൽ ഇത് 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ' ആയി മാറി. ഇക്കാലയളവോടെ സൊസൈറ്റി സ്ഥിരമായി മാസികകൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. 1872 ൽ **ഇന്ത്യൻ ആന്റി ക്വറി** പ്രസിദ്ധീകൃതമായി. ഇതിൽ നരവംശശാസ്ത്ര പ്രാധാന്യമുള്ള ധാരാളം ലേഖനങ്ങൾ ഉൾപ്പെട്ടിരുന്നു. 1886 ൽ ആന്ത്രോപോളജിക്കൽ സൊസൈറ്റി ഓഫ് ബോംബെ അതിന്റെ മാസിക പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. പൂർണമായും നരവംശശാസ്ത്രത്തിനു മാത്രമുള്ള ആദ്യത്തെ വാർത്താപത്രികയായിരുന്നു ഇത്.

വ്യക്തിഗതമായ ചില ശ്രമങ്ങളും ഇക്കാലയളവിൽ ആരംഭിച്ചു. എച്ച്.എച്ച്. റിസ്‌ലി 1891 ൽ ബംഗാളിലെ ഗോത്ര ജാതിവിഭാഗങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. പിന്നീട് ഇദ്ദേഹം ഇന്ത്യയിലെ സെൻസസിന്റെ തലവനാവുകയും ചെയ്തു. 'ഇന്ത്യയിലെ ജനങ്ങൾ' (People of India) എന്ന പഠനപദ്ധതിയും ഇക്കാലത്ത് ആരംഭിച്ചു.

എസ്.സി. റോയ് 'മുണ്ട ആന്റ് ദേർ കൺട്രി' (Munda and Their Country) എന്ന മോണോഗ്രാഫ് 1912 ൽ പ്രസിദ്ധീകരിച്ചു. ബിഹാർ, ഒറീസ ഗവേഷണ സമൂഹത്തിന്റെ വാർത്താപത്രിക 1915 ൽ ആരംഭിച്ചു. ഡി.എൻ. മജൂംദാറിന്റെ അഭിപ്രായത്തിൽ 1911 ഓടെ പ്രാരംഭഘട്ടം അവസാനിച്ചു. എന്നാൽ എൽ.പി. വിദ്യാർഥിയെ സംബന്ധിച്ച് ഈ കാലഘട്ടം 1920 വരെ നീണ്ടുനിന്നു.

## 2. സർഗാത്മകഘട്ടം (Constructive Phase) - 1920–1949

1920 ലാണ് കൽക്കത്ത സർവകലാശാലയുടെ ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയിൽ നരവംശശാസ്ത്രപഠനം ഉൾപ്പെടുത്തപ്പെട്ടത്. ഇന്ത്യൻ നരവംശശാസ്ത്രത്തിലെ ആദ്യകാല പണ്ഡിതരായിരുന്ന എൽ.കെ. അനന്തകൃഷ്ണ അയ്യർ, ആർ. ചന്ദ്ര തുടങ്ങിയവർ ഈ വകുപ്പിൽ അധ്യാപകരായി. 1921ൽ 'മാൻ ഇൻ ഇന്ത്യ' (Man in India) എന്ന വാർത്താപത്രിക എസ്. സി. റോയ് പത്രാധിപരായി പ്രസിദ്ധീകരണം ആരംഭിച്ചതാണു മറ്റൊരു പ്രധാന സംഭവവികാസം. 'നരവംശശാസ്ത്രം ഇന്ത്യയിൽ' എന്ന മുഖ്യവിഷയം അടിസ്ഥാനമാക്കി 1938 ൽ കൽക്കത്തയിൽവച്ച് 25-ാമത് ഇന്ത്യൻ ശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യൻ ശാസ്ത്രകോൺഗ്രസ് അസോസിയേഷൻ, ബ്രിട്ടീഷ് അസോസിയേഷൻ എന്നിവയുടെ സംയുക്ത യോഗത്തിൽ ഇന്ത്യയുടെ നരവംശശാസ്ത്രപുരോഗതി വിലയിരുത്തി. നരവംശശാസ്ത്രഗവേഷണങ്ങളുടെ പുരോഗതി വിലയിരുത്തിയ ആദ്യ സംരംഭമാണിത്. 1939-ൽ വെരിയർ എൽവിന്റെ 'ദ ബൈഗ' എന്ന പുസ്തകം പുറത്തുവന്നു. ഈ പുസ്തകത്തിൽ അദ്ദേഹം, ഗോത്രജനതയെ സ്വതന്ത്രമായി നിർത്തി മുഖ്യധാരയിൽനിന്നു വ്യതിരിക്തമായി സ്വയം വളരാൻ അവസരമൊരുക്കണമെന്നു നിർദേശിച്ചു. സമ്പൂർണമായ നരവംശശാസ്ത്ര ഗവേഷണ സ്ഥാപനം ഉണ്ടാവണമെന്ന ആശയം പൂർത്തീകരിക്കപ്പെടുന്നത് 1945ൽ കൽക്കത്ത ആസ്ഥാനമായി, ബി .എസ്. ഗുഹ ഡയറക്ടറായി ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിക്കപ്പെട്ടതോടെയാണ്. 1948 ൽ ഡൽഹി സർവകലാശാലയിൽ നരവംശശാസ്ത്ര പഠനവകുപ്പ് ആരംഭിച്ചു.



ചിത്രം. 1.7 ആന്ത്രോപോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കൊൽക്കത്ത

## 3. വിശകലനാത്മകഘട്ടം (Analytical Phase) - 1950-1990

ഡി. എൻ. മജൂംദാറിന്റെ അഭിപ്രായത്തിൽ, 1938ൽ ആരംഭിച്ച് ഇക്കാലം വരെ തുടരുന്ന കാലഘട്ടമാണ് ഇത്. ആദ്യകാല നരവംശശാസ്ത്രജ്ഞനായ സുരജിത് സിൻഹ ഇക്കാലത്തെ സമീപകാലം എന്നു വിളിച്ചു. ഈ കാലഘട്ടത്തിൽ ഇന്ത്യൻ നരവംശശാസ്ത്രജ്ഞർ വിദേശ നരവംശശാസ്ത്രജ്ഞരുമായി സ്ഥിരമായി ആശയവിനിമയം ആരംഭിക്കുകയും സംയുക്തമായി ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. മാത്രമല്ല, പ്രാക്തനസമൂഹങ്ങളെക്കുറിച്ചുള്ള വിവരണാത്മകപഠനത്തിൽനിന്നു സങ്കീർണസമൂഹങ്ങളുടെ വിശകലനാത്മക പഠനത്തിലേക്ക് പഠനത്തിന്റെ പ്രാധാന്യം മാറ്റപ്പെട്ടു. ഇക്കാലയളവിൽ വിദേശരാജ്യങ്ങളിൽ നിന്നു നരവംശശാസ്ത്രജ്ഞർ ഇന്ത്യയിലെത്തി ഗവേഷണം ആരംഭിക്കുകയുണ്ടായി. അവരുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ നരവംശശാസ്ത്ര ഗവേഷണങ്ങൾക്ക് ഉത്തേജനം പകർന്നു. 1961 ലെ സെൻസസ് പ്രവർത്തനങ്ങളിലൂടെ 1960കളിൽ ധാരാളം ഗ്രാമപഠനങ്ങൾ നടക്കുകയുണ്ടായി. ഇതിൽ ആദ്യത്തേതാണ്. എൽ. പി. വിദ്യാർഥിയുടെ 'ഗാഗ്ര' പഠനം. ഇത്തരം പഠനങ്ങൾ പുതിയ ആശയങ്ങളും, സങ്കൽപ്പങ്ങളും രൂപീകരിക്കാൻ സഹായകമായി. എൽ. പി. വിദ്യാർഥി, ബി.കെ. റോയ് ബർമൻ, ആർ. എം. മഖൻ ജാ, പി.കെ. മിശ്ര, കെ. എസ്. സിങ്, ടി. എൻ. മദൻ എന്നിവരുടെ പ്രവർത്തനങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു.


ഇക്കാലത്ത് ചില നരവംശശാസ്ത്രജ്ഞർ അവരുടെ പഠനം നടത്തുന്നതിനായി തനതായ ഗവേഷണരീതികൾ വികസിപ്പിച്ചെടുത്തു. ടി .സി. ദാസ് (പരസമൂഹങ്ങളുടെ വംശാവലിപഠനം), എൻ.കെ. ബോസ് (ഇന്ത്യൻ ക്ഷേത്രങ്ങളുടെ പഴക്കം മനസ്സിലാക്കാനായുള്ള സ്ഥലപരവിതരണ സങ്കേതം), ചതോപാധ്യായയും മുഖർജിയും (സമൂഹമാറ്റപഠനത്തിനായുള്ള സ്റ്റാറ്റിസ്റ്റിക്സിന്റെ ഉപയോഗം), ഐരാവതി കാർവേ (രക്തബന്ധപഠനവുമായി ബന്ധപ്പെട്ട പാഠവിശകലനം) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## 4. വിലയിരുത്തൽ ഘട്ടം (Evaluative Phase) – 1990മുതൽ

ഇക്കാലയളവിൽ നരവംശശാസ്ത്രത്തിൽ പുതിയ പഠനമേഖലകൾ രൂപപ്പെട്ടു. വൈദ്യ നരവംശശാസ്ത്രം, മതപഠനങ്ങൾ, വികസനപഠനങ്ങൾ, മനശ്ശാസ്ത്രപഠനങ്ങൾ എന്നിവ ഇതിനുദാഹരണങ്ങളാണ്. ഇന്ത്യൻ നരവംശശാസ്ത്രജ്ഞർ താഴെ കൊടുത്ത മേഖലകളുമായി ബന്ധപ്പെട്ട ധാരാളം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടിണ്ട്. (എ.) ഗോത്രസ്വത്വമാറ്റങ്ങൾ, ഉദ്ഗ്രഥനം, സംസ്കാര തിരോധാനം, ആസൂത്രണം (ബി.) വ്യാവസായികനരവംശ ശാസ്ത്രത്തിന്റെ ആവിർഭാവം(സി.) ഗോത്രജനസംഖ്യാപഠനത്തിനുള്ള ഉയർന്ന ഊന്നൽ. (ഡി.) ഗോത്ര പ്രദേശങ്ങളുടെ ഉദ്ഗ്രഥിതപഠനം.

എൽ.പി. വിദ്യാർഥിയുടെ അഭിപ്രായത്തിൽ, "ഇന്ത്യയിൽ നരവംശശാസ്ത്രത്തിന്റെ യാത്ര ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു". ബ്രിട്ടിഷ്, അമേരിക്കൻ നരവംശശാസ്ത്രജ്ഞരുടെ സ്വാധീനത്താലും സഹവർത്തിത്വത്താലും അത് വളരെയേറെ മുന്നോട്ടുപോയിരിക്കുന്നു. തീർച്ചയായും, വിശാലമായ കാഴ്ചപ്പാടിൽ ഇന്ത്യൻ സാമൂഹ്യശാസ്ത്രത്തിലുള്ള ഈ സ്വാധീനം ഇനിയും കുറച്ചുകാലത്തേക്കുകൂടി തുടരും. നരവംശശാസ്ത്രപഠനം ഏറെ വൈകിയാണ് ആരംഭിച്ചത്. പക്ഷേ, ഇന്ന് ലോകത്താകമാനം അതൊരു പ്രധാന പഠനമേഖലയായി വ്യാപിച്ചിരിക്കുന്നു. മിക്കവാറും എല്ലാ പ്രശസ്ത സർവകലാശാലകളിലും വലിയ പ്രാധാന്യത്തോടെ ഈ വിഷയം പഠിപ്പിക്കപ്പെടുന്നുണ്ട്. ചില പാശ്ചാത്യരാജ്യങ്ങളിൽ നരവംശശാസ്ത്രസ്ഥാപനങ്ങൾ കൂടാതെ മറ്റു പല മേഖലകളിലും നരവംശശാസ്ത്രജ്ഞർ നിയമിക്കപ്പെടുന്നു. അങ്ങനെ നരവംശശാസ്ത്രം വലിയൊരു സ്ഥാനമലങ്കരിക്കുകയും പ്രാധാന്യം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

*'കോളനിവൽക്കരണവും ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വികാസവും' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം തയാറാക്കാം. ഇതിനു പാഠപുസ്തകം, മറ്റു പുസ്തകങ്ങൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കാം.*



## പഠനപുരോഗതി വിലയിരുത്താം

1. ടി.കെ. പെന്നിമാൻ നിർദേശിച്ച ലോകനരവംശശാസ്ത്രവികാസത്തിന്റെ ഘട്ടങ്ങൾ ഏതെല്ലാം?
2. താഴെ കൊടുത്ത പ്രധാന വർഷങ്ങളെ കാലഗണനക്രമത്തിൽ എഴുതി ഇന്ത്യൻ നരവംശശാസ്ത്രത്തിന്റെ വികാസത്തിൽ ഈ വർഷങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക. (1774, 1912, 1945, 1920, 1919, 1939, 1921)

## സംഗ്രഹം

- നരവംശശാസ്ത്രം പേരു സൂചിപ്പിക്കുന്നതുപോലെ മനുഷ്യരെക്കുറിച്ചുള്ള പഠനമാണ്. എന്നാൽ നരവംശശാസ്ത്രം മനുഷ്യരെക്കുറിച്ച് പഠിക്കുന്ന മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാണ്.
- സാമൂഹ്യശാസ്ത്രങ്ങൾ മനുഷ്യരുടെ സാമൂഹിക്മായ കാര്യങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ ജീവശാസ്ത്രം ശാരീരികമായ മേഖലകളെക്കുറിച്ചും നരവംശശാസ്ത്രം മനുഷ്യരുടെ ജൈവ-സാമൂഹികമേഖലകളെക്കുറിച്ചും സമഗ്രമായി പഠിക്കുന്നു. അതിനാൽ നരവംശശാസ്ത്രം ഒരു ജൈവ-സാമൂഹ്യശാസ്ത്രമാണ്. ഇത് മനുഷ്യരുടെ സമസ്ത മേഖലകളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നു. ഭൂമിയിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും എല്ലാ തരത്തിലുമുള്ള മനുഷ്യർ നരവംശശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. മനുഷ്യരെക്കുറിച്ച് വിലയിരുത്താനുള്ള അതിന്റെ കാഴ്ചപ്പാടിൽ നരവംശശാസ്ത്രം ഫീൽഡ് അടിസ്ഥാന രീതിശാസ്ത്രമാണ് അവലംബിക്കുന്നത്.
- നരവംശശാസ്ത്രത്തിന് പല ഉപശാഖകളുമുണ്ട്. സമൂഹനരവംശശാസ്ത്രം മനുഷ്യസമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനമാണ്. ജൈവനരവംശശാസ്ത്രം മനുഷ്യരുടെ ഉൽപ്പത്തി, പരിണാമം, വ്യതിയാനം എന്നിവയെക്കുറിച്ചു പഠിക്കുന്നു. ഇതിൽ പ്രൈമേറ്റുകളെക്കുറിച്ച് പഠിക്കുന്ന പ്രൈമറ്റോളജിയും രക്തഗണത്തെക്കുറിച്ച് പഠിക്കുന്ന സിറോളജിയും (രക്തഗണപഠനം) ഫോറൻസിക് നരവംശശാസ്ത്രവും എല്ലാം ഉൾപ്പെടുന്നു. പുരാവസ്തുനരവംശശാസ്ത്രത്തിൽ ചരിത്രാതീതകാലഘട്ടത്തിലെ മനുഷ്യസംസ്കാരത്തെക്കുറിച്ചു പഠിക്കുന്നു. സംസ്കാരത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ ഭാഷയുടെ ഉൽപ്പത്തി, പരിണാമം, വ്യതിയാനം എന്നീ മേഖലകൾ നരവംശശാസ്ത്രത്തിന്റെ മറ്റൊരു ഉപമേഖലയായ ഭാഷാനരവംശശാസ്ത്രത്തിൽ വിശകലനം ചെയ്യുന്നു.

- നരവംശശാസ്ത്രത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകത അതിന്റെ സമഗ്രമായ കാഴ്ചപ്പാടാണ്. ദശലക്ഷം വർഷങ്ങൾക്കു മുൻപുമുതൽ ആധുനികകാലം വരെ ഭൂമിയിൽ എല്ലായിടത്തുമുള്ള മനുഷ്യസംസ്കാരത്തിന്റെ വികാസത്തെയും മനുഷ്യപരിണാമത്തെയും നരവംശശാസ്ത്രം പഠനവിധേയമാക്കുന്നു.
- മ്യൂസിയങ്ങളിലും സാമൂഹ്യക്ഷേമവകുപ്പുകളിലും സർക്കാർ – സർക്കാരിതര സ്ഥാപനങ്ങളിലും ഗവേഷണസ്ഥാപനങ്ങളിലും ഇന്ന് നരവംശശാസ്ത്രജ്ഞർ ജോലിചെയ്യുന്നുണ്ട്. നരവംശശാസ്ത്രം ഒരു ജൈവ–സാമൂഹ്യശാസ്ത്രം ആയതിനാൽ മറ്റ് ജൈവ–സാമൂഹ്യശാസ്ത്രങ്ങളുമായി ഇതിന് ബന്ധമുണ്ട്. മനുഷ്യരുടെ ഉൽപ്പത്തിയും പരിണാമവും പഠിക്കുന്നതിനാൽ ജൈവശാസ്ത്രങ്ങളുമായും മനുഷ്യരുടെ ജീവിതവും സംസ്കാരവും പഠിക്കുന്നതിനാൽ സാമൂഹ്യശാസ്ത്രങ്ങളായ സമൂഹശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം എന്നീ വിഷയങ്ങളുമായും നരവംശശാസ്ത്രത്തിന് അടുത്ത ബന്ധമുണ്ട്.
- മനുഷ്യോൽപ്പത്തിയുടെയും മനുഷ്യരുടെ നിലനിൽപ്പിന്റെയും രഹസ്യങ്ങളെക്കുറിച്ചുള്ള ജിജ്ഞാസയാണ് നരവംശശാസ്ത്രത്തിലെ പല ചിന്താധാരകളുടെയും വികാസത്തിന് അടിസ്ഥാനമായത്. നരവംശശാസ്ത്രത്തിന്റെ വളർച്ചയെയും വികാസത്തെയുംകുറിച്ച് പഠിച്ച ടി.കെ. പെന്നിമാൻ രൂപീകരണഘട്ടം, മിശ്രണഘട്ടം, സർഗാത്മകഘട്ടം, നിർണായകഘട്ടം എന്നിങ്ങനെ അതിനെ നാലു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. രൂപാവിഷ്കാരഘട്ടം, നിർമാണാത്മകഘട്ടം, വിശകലനാത്മകഘട്ടം, വിലയിരുത്തൽ ഘട്ടം എന്നിങ്ങനെ ഇന്ത്യയിൽ നരവംശശാസ്ത്രത്തിന്റെ വികസനത്തെ നാലു ഘട്ടങ്ങളായി തരംതിരിക്കാം.

### പഠിതാവ് പ്രകടിപ്പിക്കേണ്ട ശേഷികൾ

- നരവംശശാസ്ത്രത്തിന്റെ നിർവചനവും അർഥവും വ്യാപ്തിയും തിരിച്ചറിയുന്നു.
- നരവംശശാസ്ത്രത്തിന്റെ പ്രധാന ഉപശാഖകൾ തിരിച്ചറിയുകയും അവയുടെ വ്യാപ്തി വേർതിരിച്ചറിയുകയും ചെയ്യുന്നു.
- നരവംശശാസ്ത്രത്തിന്റെ പ്രാധാന്യം അംഗീകരിച്ചുകൊണ്ട് അതിന്റെ പ്രായോഗികമേഖലകൾ തിരിച്ചറിയുന്നു.
- നരവംശശാസ്ത്രത്തിന് മറ്റു പഠനമേഖലകളുമായുള്ള ബന്ധം മനസ്സിലാക്കി ഇതിന്റെ വിഷയാന്തരബന്ധസ്വഭാവം ഉദാഹരണസഹിതം ബന്ധപ്പെടുത്തുന്നു.
- മനുഷ്യരുടെ ജിജ്ഞാസയിൽനിന്നു രൂപംകൊണ്ട മറ്റു പര്യവേക്ഷണങ്ങളുടെ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
- നരവംശശാസ്ത്ര വികസനത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലെ പ്രധാന സംഭവങ്ങൾ തിരിച്ചറിയുന്നു.
- ഇന്ത്യയിൽ നരവംശശാസ്ത്ര വികാസത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളിലുണ്ടായ പ്രധാന സംഭവങ്ങൾ തിരിച്ചറിയുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1) ഒറ്റപ്പെട്ടതു കണ്ടെത്തി ന്യായീകരിക്കുക.
   എ) സിറോളജി, എത്നോഗ്രാഫി, ഓസ്റ്റിയോളജി, പാലിയന്റോളജി
   ബി) സാമ്പത്തികനരവംശശാസ്ത്രം, ഫോറൻസിക് നരവംശശാസ്ത്രം, രാഷ്ട്രതന്ത്രനരവംശശാസ്ത്രം, കുടുംബനരവംശശാസ്ത്രം
2) നരവംശശാസ്ത്രത്തിന്റെ വിവിധ ശാഖകൾ കാണിക്കുന്ന ഒരു ചാർട്ട് വരയ്ക്കുക.
3) ജോടി കണ്ടെത്തുക.
   എ) ഓസ്റ്റിയോളജി: എല്ലുകൾ, സിറോളജി: ........
   ബി) ചരിത്രാതീതസംസ്കാരത്തെക്കുറിച്ചുള്ള പഠനം: പുരാവസ്തുനരവംശശാസ്ത്രം
   ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം:.............
4). നിങ്ങളുടെ ക്ലാസിൽ നടത്തിയ ഒരു സംവാദത്തിൽ നരവംശശാസ്ത്രം ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ ഉൾപ്പെട്ടതിനാൽ അതൊരു സാമൂഹ്യശാസ്ത്രമാണെന്ന് ചിലർ വാദിച്ചു. എന്നാൽ മറ്റു ചിലർ നരവംശശാസ്ത്രം മനുഷ്യന്റെ ഉദ്ഭവം, പരിണാമം എന്നിവയെക്കുറിച്ചു പഠിക്കുന്നതിനാൽ തീർത്തും ഒരു ജീവശാസ്ത്രമാണെന്നും വാദിക്കുന്നു. നിങ്ങളുടെ അഭിപ്രായമെന്ത്? സമർഥിക്കുക.
5. താഴെക്കൊടുത്ത വർഷങ്ങൾ ഇന്ത്യയിലെ നരവംശശാസ്ത്രത്തിന്റെ വികാസവുമായി ബന്ധപ്പെട്ടവയാണ്. അവ ചരിത്രപരമായ ഒരു സമയരേഖയിൽ ക്രമീകരിച്ച് ഓരോന്നിന്റെയും പ്രാധാന്യം എഴുതുക.
   (1921, 1945, 1784, 1920, 1912, 1919, 1938)
6. നരവംശശാസ്ത്രത്തെ മറ്റു വിഷയങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്ന സവിശേഷതകൾ വിശദമാക്കുക.
7. നരവംശശാസ്ത്രത്തിന്റെ അർഥം, വ്യാപ്തി, വിഷയമേഖലകൾ എന്നിവ വിശദമാക്കുക.
8. കോളം എ, ബി, സി, എന്നിവ ശരിയായി ക്രമീകരിച്ചെഴുതുക.

| എ | ബി | സി |
|---|---|---|
| 1. രൂപീകരണഘട്ടം | ചാൾസ് ഡാർവിൻ | ട്രോബ്രിയാന്റ് ദ്വീപുവാസികൾ |
| 2. മിശ്രണഘട്ടം | അരിസ്റ്റോട്ടിൽ | ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞൻ |
| 3. സർഗാത്മകഘട്ടം | മലിനോവ്സ്കി | ഗ്രീക്ക് തത്ത്വചിന്തകൻ |
| 4. വിമർശനാത്മകഘട്ടം | ഇ. ബി. ടെയ്ലർ | ജീവിവർഗങ്ങളുടെ ഉദ്ഭവം |